بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 10 | ലക്കം 41

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ഒക്ടോബർ 09 • ഹി.ശം 1404 അഖാഅ് 09 • ഹി:ഖ 1447 റബീഉൽ ആഖർ 16

## അല്ലാഹുവിന്റെ വചനം

اِنَّآ اَنۡزَلۡنَآ اِلَیۡکَ الۡکِتٰبَ بِالۡحَقِّ فَاعۡبُدِ اللّٰہَ مُخۡلِصًا لَّہُ الدِّیۡنَ ﴿۳﴾

തീർച്ചയായും നാമാണ് സത്യാധിഷ്ഠിതമായി ഈ ഗ്രന്ഥം നിനക്ക് അവതരിപ്പിച്ചിരിക്കുന്നത്. അതിനാൽ അനുസരണം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനെ ആരാധിക്കുക. (39:3)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## “അല്ലാഹുവിന് പ്രിയപ്പെട്ടവരിൽ അല്ലാഹുവിൽനിന്ന് തീർച്ചയായും ബുദ്ധിമുട്ടുകളും പരീക്ഷണങ്ങളും വരാറുണ്ട്.”

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്<sup></sup>ന്റെ ഉപദേശങ്ങൾ

**പരീക്ഷണം:**

സത്യവിശ്വാസികളുടെമേൽ ബുദ്ധിമുട്ടുകളും പരീക്ഷണങ്ങളുമുണ്ടാകുന്നുവെന്ന കാര്യത്തെ സംബന്ധിച്ച് സംസാരമുണ്ടായപ്പോൾ പറഞ്ഞു: 'ഒരാൾ നബിﷺതിരുമേനിയുടെ അടുത്തുവന്നു. തന്റെ മകളെ നബിﷺതിരുമേനിക്ക് നിക്കാഹ് ചെയ്തു കൊടുക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. ആ കുട്ടിയെ സംബന്ധിച്ച് സ്തുതിച്ചു പറഞ്ഞതിനോടൊപ്പം ഒരു കാര്യം ഇതുംകൂടി പറഞ്ഞു: അവൾക്ക് ഇത്ര വയസ്സുണ്ട്. എന്നാൽ, ഇന്നുവരെ ഒരു അസുഖവും അവൾക്കുണ്ടായിട്ടില്ല. നബിﷺ തിരുമേനി പറഞ്ഞു: അല്ലാഹുവിന് പ്രിയപ്പെട്ടവരിൽ അല്ലാഹുവിൽനിന്ന് തീർച്ചയായും ബുദ്ധിമുട്ടുകളും പരീക്ഷണങ്ങളും വരാറുണ്ട്.”

(സഹോദരന്മാരിൽ ഒരാൾക്ക് എതിരാളികളിൽനിന്ന് ഒരുപാടു ബുദ്ധിമുട്ടുണ്ടായി. അയാൾ തന്റെ അവസ്ഥ വിവരിച്ചു.)

പറഞ്ഞു:“താങ്കൾ ഒരുപാട് ബുദ്ധിമുട്ടുകൾ സഹിച്ചു. ഇക്കാര്യം താങ്കളിൽ സ്തുത്യർഹമാണ്. എത്രത്തോളം പരീക്ഷണമുണ്ടായോ അത്രത്തോളം സമ്മാനവുമുണ്ടായിരിക്കും. ഇന്ന മഅൽ ഉസ്രി യുസ്റൻ(നിശ്ചയമായും പ്രയാസത്തോടുകൂടി ആശ്വാസം ലഭിക്കുന്നതാണ് (94:7)

**ശത്രുക്കളോടുള്ള പെരുമാറ്റം**

ചില ശത്രുക്കൾ നമ്മുടെ സ്നേഹിതന്മാരോടു അധിക്രമം കാണിക്കാറുണ്ട്. അവരെ ബുദ്ധിമുട്ടിക്കുന്നു. ഇതിനെക്കുറിച്ച് തന്റെ സ്നേഹിതന്മാരോടു മാർദ്ദവത്തോടും വിട്ടുവീഴ്ചയോടും ദ്രോഹങ്ങളിൽനിന്ന് രക്ഷപ്പെടാനും ഉപദേശിച്ചുകൊണ്ടു പറഞ്ഞു:

“ശത്രുക്കൾക്കെതിരിൽ ദേഷ്യം കാണിക്കാതിരിക്കേണ്ടതാണ്. പ്രത്യേകിച്ചും യുവാക്കൾ. അവരെ ഞാനുപദേശിക്കുന്നത് ഇങ്ങനെയാണ്:“നിങ്ങൾ എന്റെയടുത്ത് വേഗം വേഗം വരേണ്ടത് അത്യാവശ്യമാണ്. എനിക്കുശേഷം നിങ്ങളെത്രകാലം ജീവിക്കുമെന്ന് അറിയില്ല. അടുത്ത് താമസക്കുന്നതിൽ ഒരുപാട് ഗുണങ്ങളുണ്ട്. മനുഷ്യൻ അല്ലാഹുവിന്റെ സന്നിധിയിലായിരിക്കുമ്പോൾ ആതഫ്സീർ ശരീരധാരിയായിത്തീരുന്നു. അടുത്ത് താമസിക്കുമ്പോൾ മനുഷ്യൻ ധാരാളം കാര്യങ്ങൾ കാണുകയും പഠിക്കുകയും ചെയ്യുന്നു.” *(മൽഫൂദാത്ത് വാല്യം 2, പേജ് 91- 92, 2018 ഖാദിയാൻ പതിപ്പ്)*

## അങ്ങനെ ആ കാലം വന്നു. ഇതിൽ ഇസ്‌ലാമിന്റെ പുനുരുജ്ജീവനത്തിനുള്ള അടിത്തറ വെക്കപ്പെട്ടിരിക്കുന്നു. അവന്റെ റഹ്മത്തിന്റെ നദി, മനസ്സുകളുടെ വരണ്ട നിലങ്ങൾക്ക് വെള്ളം നല്കുന്നതിനുവേണ്ടി അതിന്റെ കരകളിൽനിന്ന് അണപൊട്ടി ഒഴുകി. ഇനി വിജയിക്കുന്നവർ ആ ആകാശവെള്ളത്തിൽനിന്ന് ഫലമെടുക്കുകയും നിഷേധത്തോടും അഹങ്കാരത്തോടുംകൂടി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവരായിരിക്കും.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ സൂറത്തുൽമുഅ്മിനൂനിലെ 19-ാമത്തെ വചനമായ **വ അൻസൽനാ മിനസ്സമാഇ മാഅൻ ബി ഖദരിൻ ഫ അസ്കന്നാഹു ഫിൽഅർളി വ ഇന്നാ അലാ ദഹാബിൻ ബിഹി ല ഖാദിറൂൻ** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

'**അല്ലാഹു വ ഇന്നാ അലാ ദഹാബിൻ ബിഹി ല ഖാദിറൂൻ** എന്നതിൽ ഇസ്‌ലാമിന്റെ അധഃപതനത്തെ കുറിച്ചുള്ള അറിയിപ്പു മാത്രമല്ല നല്കിയത്. പ്രത്യുത ഇതും പറഞ്ഞിരുന്നു, അതായത് ആ അന്ധകാരകാലഘട്ടത്തിൽ ആത്മീയതയുടെ അന്വേഷകർ അന്ധന്മാരെപ്പോലെ അവശരായി ചുറ്റിക്കറങ്ങുമ്പോൾ അല്ലാഹുത്തആല പൂർവദിക്കിൽനിന്ന് തന്റെ മഅ്മൂറിനെ നിയോഗിക്കുന്നതായിരിക്കും. ഇദ്ദേഹത്തിന്റെ ആത്മീയമായ കിരണങ്ങളാൽ വസ്‌വാസ് അഥവാ സംശയങ്ങളുടേയും സന്ദേഹങ്ങളുടേയും അന്ധകാരങ്ങളെ വിച്ഛേദിച്ചു കളയുന്നതായിരിക്കും. വരണ്ട ഭൂമിയെ പച്ചളിപ്പുള്ളതാക്കിത്തീർക്കുന്നതായിരിക്കും. റൂഹാനിയ്യത്ത് അഥവാ ആത്മീയതയുടേയും തഖ്‌വാ അഥവാ ഈശ്വരഭക്തിയുടേയും മുളക്കലിനെ പുറത്തുകൊണ്ടുവരുന്നതായിരിക്കും; വരണ്ട ഭൂമിപോലെയായിത്തീർന്ന ആ ലോകത്തെ പച്ചളിപ്പുള്ള വയലുപോലെ ആക്കിത്തീർക്കുന്നതിനുവേണ്ടി; ജനങ്ങൾ ജീവിതത്തിന്റേയും സന്തോഷത്തിന്റേയും ശ്വാസമെടുക്കുന്നതിനുവേണ്ടി. അല്ലാഹുവിന്റെ സ്നേഹവും അവന്റെ ലിഖാ അഥവാ കൂടിക്കാഴ്ചയും കൂടാതെ ഒരിക്കലും കരസ്ഥമാക്കാൻ പറ്റാത്ത ആ യഥാർഥ സന്തോഷം പ്രാപിക്കുന്നതിനുംവേണ്ടി. അങ്ങനെ ആ കാലം വന്നു. ഇതിൽ ഇസ്‌ലാമിന്റെ പുനുരുജ്ജീവനത്തിനുള്ള അടിത്തറ വെക്കപ്പെട്ടിരിക്കുന്നു. അവന്റെ റഹ്മത്തിന്റെ നദി, മനസ്സുകളുടെ വരണ്ട നിലങ്ങൾക്ക് വെള്ളം നല്കുന്നതിനുവേണ്ടി അതിന്റെ കരകളിൽനിന്ന് അണപൊട്ടി ഒഴുകി. ഇനി വിജയിക്കുന്നവർ ആ ആകാശവെള്ളത്തിൽനിന്ന് ഫലമെടുക്കുകയും നിഷേധത്തോടും അഹങ്കാരത്തോടുംകൂടി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവരായിരിക്കും.”

വീണ്ടും പറയുന്നു: “എപ്രകാരം നവഗതമായി പൊട്ടിയൊഴുകി വരുന്ന ജലം കൊണ്ട് ഈത്തപ്പഴം മുന്തിരി തുടങ്ങിയ പഴങ്ങളുണ്ടാകുന്നുവോ അതേപ്രകാരം ഫ്രഷായി ഒഴുകിവരുന്ന ആത്മീയമായ ജലത്താലും പലതരത്തിലുള്ള ഫലങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നതായിരിക്കും. ഈ ഫലങ്ങളിൽനിന്ന് കുറച്ച് നിങ്ങൾ തിന്നുന്നു. കുറച്ചു മറ്റു ജോലികളിൽ ഉപയോഗിക്കുകയും ചെയ്യുന്നു. ത്വൂർ മലയിലുണ്ടാകുന്ന ഈ മരത്തിന്റെ ഫലത്തിൽനിന്ന് എണ്ണയുമുണ്ടാകുന്നു. അതു ഭക്ഷണം കഴിക്കുന്നവർക്ക് കറിയായും ഉപോഗപ്പെടുന്നു;അതായത് ഒലിവെണ്ണ.

ഈ വചനങ്ങളിൽ ഇസ്‌ലാമിന്റെ പുനരുജ്ജീവന കാര്യവിഷയത്തെ സംബന്ധിച്ചും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇസ്‌ലാമിനെ ഫലം നൽകാത്ത ഒരു തോട്ടമായി സങ്കല്പിക്കാതിരിക്കുക. എന്നല്ല ഓർമിച്ചുകൊള്ളുക, ഇതെങ്ങനെയുള്ള തോട്ടമാണെന്നാൽ ഇത് എക്കാലത്തും ഇതിന്റെ പുതിയ ഫലം നല്കിക്കൊണ്ടിരിക്കുന്നതാണ്. ഇസ്‌ലാമിൽ എന്തെങ്കിലും മോശമായ കാര്യമുണ്ടായാൽ അതിനെ അകറ്റുന്നതിനുവേണ്ടി മുഹമ്മദു റസൂലുല്ലായുടെതന്നെ ആത്മീയതയുടെ കനിയായ ഏതെങ്കിലും ദാസൻ അല്ലാഹുവിൽനിന്ന് നിയോഗിതനായി ആ മോശമായ കാര്യം അകറ്റുന്നതായിരിക്കും. അങ്ങനെ

ശേഷം പേജ് 7 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**“ഇമാമിന്റെ ശബ്ദത്തിന്നെതിരിൽ വ്യക്തികളുടെ ശബ്ദം ഒരു യാഥാർഥ്യവുമുൾക്കൊള്ളുന്നില്ല. നിങ്ങളുടെ കർണങ്ങളിൽ അല്ലാഹുവിന്റെ റസൂലിന്റെ ശബ്ദം വന്നാൽ നിങ്ങൾ ക്ഷണത്തിൽ ലബ്ബയ്ക്ക് പറയുക. അത് നടപ്പിലാക്കാൻ ഓടുക. അതിലാണ് നിങ്ങളുടെ അഭിവൃദ്ധിയുടെ രഹസ്യം അടങ്ങിയിട്ടുള്ളത്. എന്നല്ല, മുനുഷ്യൻ ആ നേരത്ത് നമസ്കരിക്കുകയാണെങ്കിലും അവന്റെ നിർബന്ധകടമയാണ് നമസ്കാരം ഉപേക്ഷിച്ച് അല്ലാഹുവിന്റെ റസൂലിന്റെ വിളിക്കുത്തരം നല്കുകയെന്നത്.”(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہ)**

**ഹുനയ്ൻയുദ്ധത്തിന്റെ അവസരത്തിൽ നബിﷺതിരുമേനി ശക്തമായി പറഞ്ഞു: എന്റെ സവാരിയുടെ കടിഞ്ഞാൺ വിടുക. പിന്നീട് തെളിച്ചുകൊണ്ട് മുന്നോട്ടു കുതിച്ചു. അനന്നബിയ്യു ലാകദിബ് അനബ്നു അബ്ദിൽ മുത്ത്വലിബ് ‘ഞാൻ നബിയാണ്; കള്ളനല്ല. ഞാൻ അബ്ദുൽമുത്ത്വലിബിന്റെ മകനാണ്. ഇന്നു ഞാൻ ഈ അമ്പെയ്ത്തുകാരെ ഭയപ്പെടുന്നില്ല. നാലായിരം അമ്പെയ്ത്തുകാരാൽ വളയപ്പെട്ടിട്ടും ഞാൻ മുന്നോട്ടുതന്നെ കുതിക്കുകയാണ്. ഈ ദൃശ്യംകണ്ട് എന്നെ ദൈവമെന്ന് നിങ്ങൾ കരുതരുത്. അല്ലെങ്കിൽ എനിക്ക് ദൈവത്തിന്റെ ഗുണങ്ങളുണ്ടെന്ന് കരുതരുത്. ഓർക്കുക, ഞാൻ ദൈവമല്ല, ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാണ്.**

**ഹുനയ്ൻയുദ്ധത്തിന്റെ അവസരത്തിൽ നബിﷺതിരുമേനി അത്യന്തം ആവേശത്തോടെ തന്റെ കുതിരയുടെ കടിഞ്ഞാൺ വിടാൻ പറഞ്ഞു. എന്നിട്ട് കുതിരയെ വേഗത്തിൽ മുന്നോട്ടുനീക്കാൻ തുടങ്ങി, അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു: അനന്നബിയ്യു ലാ കദിബ് അനബ്നു അബ്ദിൽ മുത്ത്വലിബ് ‘ഞാൻ ഒരു വാഗ്ദത്ത നബിയാണ്, എന്റെ സംരക്ഷണത്തിന് ശാശ്വതമായ വാഗ്ദാനമുണ്ട്, ഞാൻ ഒരു കള്ളനല്ല. അതുകൊണ്ട് നിങ്ങൾ മൂവായിരമോ മുപ്പതിനായിരമോ അമ്പെയ്ത്തുകാരാകട്ട, എനിക്ക് നിങ്ങളൊരു വിഷയമേയല്ല. അല്ലയോ ബിംബാരാധകരേ, എന്റെ ധീരതകണ്ട് നിങ്ങളെന്നെ ദൈവമായി കരുതരുത്. ഞാൻ ഒരു മനുഷ്യനാണ്, നിങ്ങളുടെ നേതാവായ അബ്ദുൽ മുത്ത്വലിബിന്റെ പൗത്രനാണ്.**

**ഹുനയ്ൻ യുദ്ധത്തിലുണ്ടായ സംഭവങ്ങളുടെ വെളിച്ചത്തിൽ നബിﷺതിരുമേനിയുടെ ജീവചരിത്രവിവരണം.**

**നബിﷺതിരുമേനി ഹുനയ്ൻ ദിവസം കല്ലുകളെടുത്തു. അത് സത്യനിഷേധികളുടെ മുഖത്തെറിഞ്ഞു. എന്നിട്ട് പറഞ്ഞു: മുഹമ്മദിന്റെ റബ്ബാണ സത്യം!(മറ്റൊരു നിവേദനത്തിലുണ്ട്. നബിﷺതിരുമേനി പറഞ്ഞു: കഅ്ബയുടെ റബ്ബാണ സത്യം!ഇക്കൂട്ടർ പരാജയപ്പെട്ടു.**

**ഖുത്ബ ജുമുഅ 2025 സെപ്റ്റംബർ 05, 1404 ള്വുഹൂർ 05, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹുനയ്ൻ യുദ്ധത്തിൽ ശത്രുക്കളുടെ ശരവർഷം കാരണത്താൽ മുസ്‌ലിം സൈന്യത്തിൽ പരിഭ്രാന്തി പരന്നതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہ‘നൂർ’ എന്ന അധ്യായത്തിലെ 64-ാം വചനത്തിന് നല്കിയ വ്യാഖ്യാനത്തിൽ ഒരു പ്രവാചകനോടുള്ള അനുസരണം എപ്രകാരമായിരിക്കണമെന്നതിനെ സംബന്ധിച്ച് വിവരിച്ചു.

ആയത്ത് ഇപ്രകാരമാണ്: **ലാ തജ്അലൂ ദുആഅർറസൂലി ബയ്നക്കും കദുആഇ ബഅ്ളിക്കും ബഅ്ളൻ. ഖദ് യഅ്ലമുല്ലാഹുല്ലദീന യത്തസല്ലലൂന മിൻകും ലിവാദൻ ഫൽയഹ്ദറില്ലദീന യുഖാലിഫൂന അൻ അംരിഹി അൻ തുസ്വീബഹും ഫിത്നത്തുൻ ഔ യുസ്വീബഹും അദാബുൻ അലീം.**(24:64)

തർജമ: സത്യവിശ്വാസികളേ, (നിങ്ങളിൽ ആരെയെങ്കിലും) ദൈവദൂതൻ വിളിക്കുന്നത് നിങ്ങൾ അന്യോന്യം വിളിക്കുന്നതുപോലെ ഗണിക്കരുത്. (അന്യരെ) മറപിടിച്ചുകൊണ്ട് നിങ്ങളിൽനിന്ന് (കൂടിയാലോചനാ സദസ്സ് വിട്ട്) രഹസ്യമായി മാറിക്കളയുന്നവരെ കുറിച്ച് അല്ലാഹു അറിയുന്നുണ്ട്. അതിനാൽ, അദ്ദേഹത്തിന്റെ(ദൈവദൂതന്റെ) കല്പനയെ ലംഘിക്കുന്നവരെ വല്ല വിപത്തും ബാധിക്കുകയോ അല്ലെങ്കിൽ അവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുകയോ ചെയ്യുന്നതിനെ അവർ സൂക്ഷിച്ചുകൊള്ളട്ടെ.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہപറയുന്നു: ‘ഇമാമിന്റെ ശബ്ദത്തിനു മുമ്പിൽ വ്യക്തികളുടെ ശബ്ദത്തിന് ഒരു പ്രസക്തിയുമില്ല. അല്ലാഹുവിന്റെ റസൂലിന്റെ ശബ്ദം നിങ്ങൾ കേൾക്കുമ്പോൾ ഉടൻ തന്നെ അതിനുത്തരം നല്കുകയും അത് പ്രാവർത്തികമാക്കാൻ ധിറുതിപ്പെടുകയും ചെയ്യുക എന്നതാണ് നിങ്ങളുടെ കടമ. നിങ്ങളുടെ പുരോഗതിയുടെ രഹസ്യം അതിലാണ് കുടികൊള്ളുന്നത്. ഒരു വ്യക്തി ആ സമയത്ത് നമസ്കാരത്തിലാണെങ്കിൽപ്പോലും നമസ്കാരമുപേക്ഷിച്ചുകൊണ്ട് റസൂലിന്റെ ശബ്ദത്തിന് ഉത്തരം നല്കുകയാണ് അയാളുടെ കടമ.........എന്തായാലും നബിയുടെ ശബ്ദത്തോടു ഉടനടി പ്രതികരിക്കുക എന്നത് അനിവാര്യമായ കാര്യമാണ്. എന്നല്ല അത് വിശ്വാസത്തിന്റെ ഒരു പ്രധാനപ്പെട്ട അടയാളമാണ്............അല്ലാഹു സത്യവിശ്വാസികളെ ഉപദേശിച്ചുകൊണ്ട് പറയുന്നു: “സത്യവിശ്വാസികളേ, അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുമ്പോൾ, ആ വിളിയെ മറ്റുള്ളവർ നിങ്ങളെ വിളിക്കുന്നതുപോലെ കരുതരുത്. ക്ഷണത്തിൽ, അദ്ദേഹത്തിന്റെ വിളിക്കുത്തരം നൽകുക.” അതായത് മുഹമ്മദിﷺന് രണ്ടു വ്യത്യസ്ത നിലകളുണ്ടെന്ന് ഇതു കാണിക്കുന്നു. ഒന്ന്, ഒരു ഭൗതിക നേതാവെന്ന നിലയിലും മറ്റൊന്ന് ഒരു നബിയെന്ന നിലയിലും. ഭൗതിക നേതാവെന്ന നിലയിലും അദ്ദേഹത്തിന്റെ കൽപ്പനകൾ അനുസരിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ, ഒരു മതപരമായ നേതാവെന്ന നിലയിൽ അദ്ദേഹത്തിന്റെ വിളിക്കുത്തരം നല്കുന്നതിന് കൂടുതൽ പ്രാമുഖ്യമുണ്ട്.’ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہഇവിടെ ഹുനയ്ൻ യുദ്ധത്തിലെ ഒരു സംഭവം വിശദീകരിച്ചുകൊണ്ടുപറഞ്ഞു: ‘ചരിത്രത്തിൽനിന്നു മനസ്സിലാകുന്നത്, മക്കയിലെ സത്യനിഷേധികൾ ഹുനയ്ൻ യുദ്ധസമയത്ത് ‘ഇന്ന് ഞങ്ങൾ ഞങ്ങളുടെ യുദ്ധവീര്യം കാണിക്കും’ എന്ന് പറഞ്ഞ് മുസ്‌ലിം സൈന്യത്തിൽ ചേരുകയും എന്നാൽ, അവർ ഥഖീഫ് ഗോത്രത്തിന്റെ ആക്രമണത്തെ ചെറുക്കാൻ കഴിയാതെ യുദ്ധക്കളത്തിൽനിന്നോടിപ്പോകുകയും ചെയ്തു. ഒരു ഘട്ടത്തിൽ, നബിﷺതിരുമേനിക്ക് ചുറ്റും 12 സ്വഹാബാക്കൾ മാത്രമാണ് അവശേഷി

ച്ചത്. പതിനായിരം പേരടങ്ങുന്ന മുസ്‌ലിം സൈന്യത്തിൽ ആകെ പരിഭ്രാന്തി പടർന്നു. മൂവായിരം അമ്പെയ്ത്തുകാരുള്ള ശത്രുസൈന്യം നബിﷺതിരുമേനിയുടെ ഇടത്തുംവലത്തുമുള്ള കുന്നുകളിൽ കയറി ആ മഹാത്മാവിനുനേരെ അമ്പുകൾ വർഷിച്ചു. എന്നിട്ടും അവിടന്ന് ഒരടിപോലും പിന്നോട്ടു നീങ്ങാതെ മുന്നോട്ടുതന്നെ കുതിച്ചു. ഹദ്‌റത്ത് അബൂബക്ർؓഅസ്വസ്ഥനായി അദ്ദേഹത്തിന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ ജീവൻ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ. ഇതു മുന്നോട്ടു കുതിക്കാനുള്ള സമയമല്ല. മുസ്‌ലിം സൈന്യം വീണ്ടും സംഘടിച്ചാൽ, നമുക്ക് മുന്നോട്ടുപോകാം. എന്നാൽ, നബിﷺതിരുമേനി അത്യന്തം ആവേശത്തോടെ തന്റെ കുതിരയുടെ കടിഞ്ഞാൺ വിടാൻ പറഞ്ഞു. എന്നിട്ട് കുതിരയെ വേഗത്തിൽ മുന്നോട്ടുനീക്കാൻ തുടങ്ങി, അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു: **അനന്നബിയ്യു ലാ കദിബ് അനബ്നു അബ്ദിൽ മുത്ത്വലിബ്** 'ഞാൻ ഒരു വാഗ്ദത്ത നബിയാണ്, എന്റെ സംരക്ഷണത്തിന് ശാശ്വതമായ വാഗ്ദാനമുണ്ട്, ഞാൻ ഒരു കള്ളനല്ല. അതുകൊണ്ട് നിങ്ങൾ മൂവായിരമോ മുപ്പതിനായിരമോ അമ്പെയ്ത്തുകാരാകട്ടെ, എനിക്ക് നിങ്ങളൊരു വിഷയമേയല്ല. അല്ലയോ ബിംബാരാധകരേ, എന്റെ ധീരതകണ്ട് നിങ്ങളെന്നെ ദൈവമായി കരുതരുത്. ഞാൻ ഒരു മനുഷ്യനാണ്, നിങ്ങളുടെ നേതാവായ അബ്ദുൽ മുത്ത്വലിബിന്റെ പൗത്രനാണ്. അതായത് പൗത്രനാണ്.

നബിﷺതിരുമേനിയുടെ പിതൃവ്യൻ ഹദ്‌റത്ത് അബ്ബാസിന്റെ ശബ്ദം വളരെ ഉച്ചത്തിലുള്ളതായിരുന്നു. നബിﷺതിരുമേനി അദ്ദേഹത്തെ നോക്കി പറഞ്ഞു: 'അബ്ബാസേ! മുന്നോട്ടുവന്ന് ഉച്ചത്തിൽ വിളിച്ചു പറയുക: 'സൂറത്തുൽ ബഖറയുടെ സ്വഹാബാക്കളേ! അതായത് സൂറത്തുൽ ബഖറ ഹൃദിസ്തമാക്കിയവരേ, ഹുദയ്ബിയായിലെ മരത്തിന്റെ താഴെ ബയ്അത്ത് ചെയ്തവരേ, അല്ലാഹുവിന്റെ ദൂതൻ നിങ്ങളെ വിളിക്കുന്നു.' ഒരു സ്വഹാബി പറയുന്നു: 'നവമുസ്‌ലിമീങ്ങളായ മക്കക്കാരുടെ ഭീരുത്വം കാരണം മുസ്‌ലിം സൈന്യത്തിന്റെ മുൻഭാഗം പിന്തിരിഞ്ഞോടിയപ്പോൾ ഞങ്ങളുടെ കുതിരകളും ഓടാൻ തുടങ്ങി. ഞങ്ങൾ അവയെ തടയാൻ ശ്രമിക്കുമ്പോഴെല്ലാം, അവ പിന്നോട്ടോടി. അപ്പോൾ അബ്ബാസിന്റെ ശബ്ദം യുദ്ധക്കളത്തിൽ മാറ്റൊലികൊണ്ടു: 'സൂറത്തുൽ ബഖറയുടെ സ്വഹാബാക്കളേ, അദ്ദേഹം സൂറത്തുൽ ബഖറയുടെ പേര് പ്രത്യേകം എടുത്തുപറഞ്ഞത്, അത് മദീനയിൽവച്ച് ആദ്യമായി അവതരിച്ച സൂറത്തായിരുന്നതുകൊണ്ടും ചെറിയസംഘത്തിന് അല്ലാഹുവിന്റെ കൽപ്പനയാൽ വലിയ സംഘത്തിനുമേൽ വിജയിക്കാൻ കഴിയുമെന്ന ആയത്തുള്ളതുകൊണ്ടും അതുപോലെ പ്രതിജ്ഞകളും വാഗ്ദാനങ്ങളും പൂർത്തീകരിക്കാനുള്ള ഉപദേശം ഉള്ളതുകൊണ്ടുമായിരുന്നു. ഹുദയ്ബിയായിലെ മരത്തിന്റെ താഴെ ബയ്അത്ത് ചെയ്തവരേ, അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു. പറയുന്നു: ആ ശബ്ദം എന്റെ കാതുകളിൽ പതിച്ചപ്പോൾ ഞാൻ ജീവിച്ചിരിപ്പില്ല, മറിച്ച് മരിച്ചവനാണെന്നും ഇസ്റാഫീലിന്റെ കാഹളം അന്തരീക്ഷത്തിൽ മുഴങ്ങുകയാണെന്നും എനിക്കുതോന്നി. ഞാനെന്റെ ഒട്ടകത്തിന്റെ കടിഞ്ഞാൺ ശക്തിയായി വലിച്ചു, അതിന്റെ തല അതിന്റെ പുറത്തുപതിച്ചു. പക്ഷേ, അതിന് വിറളി പിടിച്ചിരുന്നു, ഞാൻ കടിഞ്ഞാൺ അയച്ചപ്പോൾ അതു വീണ്ടും പിന്നോട്ടോടി. അപ്പോൾ ഞാനും എന്റെ പല കൂട്ടുകാരും വാളുകൾ ഊരിയെടുത്തു, ചിലർ ഒട്ടകപ്പുറത്തുനിന്ന് ചാടിയിറങ്ങി, ചിലർ ഒട്ടകങ്ങളുടെ കഴുത്തറുത്തു, അല്ലാഹുവിന്റെ റസൂലിന്റെ അടുത്ത് ഓടിപ്പോകാൻ തുടങ്ങി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ, മക്കയിലേക്ക് നിയന്ത്രണമില്ലാതെ ഓടിക്കൊണ്ടിരുന്ന പതിനായിരം സ്വഹാബിമാരുടെ സൈന്യം തിരുമേനിക്കു ചുറ്റും ഒത്തുകൂടി. കുറഞ്ഞ സമയത്തിനുള്ളിൽ, അവർ കുന്നുകളിൽകയറി ശത്രുവിനെ തകർത്തു, ആ ഭയാനകമായ തോൽവി ഒരു മഹത്തായ വിജയമായി മാറി.*(തഫ്‌സീറെ കബീർ വാല്യം 8 പേജ് 624-626, വി:ഖുർആൻ 24:64)സീറത്ത് ഹൽബിയ്യ വാല്യം 3, പേജ് 155, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇതുപോലെ, ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്ؓതന്റെ 'ഉസ്‌വയെ ഹസ്ന' എന്ന പ്രസംഗത്തിലും ഈ സംഭവം വിവരിച്ചു. മക്ക വിജയശേഷം, ചില അറബ് ഗോത്രങ്ങളുമായി യുദ്ധം ചെയ്യാൻ നബിﷺതിരുമേനി ഹുനയ്ൻ യുദ്ധത്തിനുപോയി. മക്കയിലെ ധാരാളമാളുകൾ പുതിയതായി ഇസ്‌ലാം സ്വീകരിച്ചിരുന്നതിനാൽ അവർ നബിﷺതിരുമേനിയോടൊപ്പം ചേർന്നു. കൂടാതെ ഇസ്‌ലാം സ്വീകരിക്കാത്ത ചിലരും തങ്ങളുടെ പ്രതാപം കാണിക്കാനും ഗോത്രാഭിമാനത്തിന്റെ പേരിലും മുസ്‌ലിം സൈന്യത്തിൽ ചേർന്നു. അവർ തങ്ങളുടെ ആധിക്യത്തെയും ശക്തിയെയും കുറിച്ച് വമ്പ് നടിക്കാൻ തുടങ്ങി. തങ്ങൾ ബഹുഭൂരിപക്ഷമാണെന്നും ഇന്ന് ആർക്കും തങ്ങളെ തോൽപ്പിക്കാനാകില്ലെന്നും പറയാൻ തുടങ്ങി. അല്ലാഹു അവർക്ക് ഈ അഹങ്കാരത്തിന്റെ ശിക്ഷ നല്കാനുള്ള സാഹചര്യമൊരുക്കി. മുസ്‌ലിം സൈന്യം മുന്നോട്ടുപോയപ്പോൾ ശത്രുക്കൾ മറഞ്ഞിരുന്നു. അവരുടെ വിദഗ്ദ്ധരായ അമ്പെയ്ത്തുകാരിൽ ചിലർ വലതുവശത്തും ചിലർ ഇടതുവശത്തും മറഞ്ഞിരുന്നു. സൈന്യം ഈ സ്ഥലം കടന്നുപോയപ്പോൾ, മറഞ്ഞിരുന്ന ആയിരക്കണക്കിന് അമ്പെയ്ത്തുകാർ പെട്ടെന്ന് മുസ്‌ലിം സൈന്യത്തിന് നേരെ തുരുതുരാ അമ്പുകൾ വർഷിച്ചു. ഇതുകണ്ട് പുതുതായി ഇസ്‌ലാം സ്വീകരിച്ച ദുർബലരായ ആളുകളും ഇളമുറക്കാരും വെറും ഗോത്രാഭിമാനം കാരണം മുസ്‌ലിമീങ്ങളോടൊപ്പം ചേർന്ന അവിശ്വാസികളും ഭയന്ന് യുദ്ധക്കളം വിട്ടോടിപ്പോയി. ഈ അവസ്ഥയിൽ, മുന്നിലുള്ളവർ ഓടിപ്പോകുമ്പോൾ, പിന്നിലുള്ളവരുടെ കുതിരകളും ഒട്ടകങ്ങളും ഓടാൻ തുടങ്ങും. അതുതന്നെയാണ് ഈ യുദ്ധത്തിലും സംഭവിച്ചത്. ആ പുതുമുസ്‌ലിമീങ്ങളും അവിശ്വാസികളും അമ്പുകളുടെ ആക്രമണം സഹിക്കവയ്യാതെ ഓടിപ്പോയപ്പോൾ, സ്വഹാബികളുടെ കുതിരകളും ഒട്ടകങ്ങളും കുതറി ഓടാൻ തുടങ്ങി. അങ്ങനെ മുഴുവൻ മുസ്‌ലിം സൈന്യവും ചിതറിയോടി. എത്രമാത്രം അരക്ഷിതാവസ്ഥ വർധിച്ചെന്നാൽ നബിﷺതിരുമേനിക്ക് ചുറ്റും പന്ത്രണ്ടാളുകൾ മാത്രം അവശേഷിച്ചു. ബാക്കിയെല്ലാവരും യുദ്ധക്കളത്തിൽനിന്ന് ഓടിപ്പോയിരുന്നു. ഇതുകണ്ട് ഹദ്‌റത്ത് അബ്ബാസ്ؓ, നബിﷺതിരുമേനിയുടെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് പറഞ്ഞു, ഇതു പിടിച്ചുനിൽക്കേണ്ട സമയമല്ല. കുതിരയുടെ കടിഞ്ഞാൺ പിറകോട്ട് തിരിച്ച് മടങ്ങിപ്പോകുക, മുസ്‌ലിം സൈന്യത്തെ വീണ്ടും സംഘടിപ്പിച്ചശേഷം ആക്രമിക്കാം. എന്നാൽ, നബിﷺതിരുമേനി പറഞ്ഞു:"ദൈവത്തിന്റെ പ്രവാചകന്മാർ യുദ്ധക്കളത്തിൽ നിന്ന് പിന്തിരിഞ്ഞോടാറില്ല." ഇതു പറഞ്ഞ ശേഷം അവിടന്ന് കുതിരയുടെ കടിഞ്ഞാൺ ഉയർത്തി, അതിനെ മുന്നോട്ടു തെളിച്ചുകൊണ്ടു പറഞ്ഞു:

**അനന്നബിയ്യു ലാകദിബ് അനബ്നു അബ്ദിൽ മുത്ത്വലിബ്**

'ഞാൻ നബിയാണ്; കള്ളനല്ല. ഞാൻ അബ്ദുൽമുത്ത്വലിബിന്റെ മകനാണ്. ഇന്നു ഞാൻ ഈ അമ്പെയ്ത്തുകാരെ ഭയപ്പെടുന്നില്ല. നാലായിരം അമ്പെയ്ത്തുകാരാൽ വളയപ്പെട്ടിട്ടും ഞാൻ മുന്നോട്ടുതന്നെ കുതിക്കുകയാണ്. ഈ ദൃശ്യംകണ്ട് എന്നെ ദൈവമെന്ന് നിങ്ങൾ കരുതരുത്. അല്ലെങ്കിൽ എനിക്ക് ദൈവത്തിന്റെ ഗുണങ്ങളുണ്ടെന്ന് കരുതരുത്. ഓർക്കുക, ഞാൻ ദൈവമല്ല, ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാണ്, പക്ഷേ, ഈ ആളുകൾ ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന വ്യക്തികളാണെന്നുമാത്രം. അതായത് പ്രവാചകന്മാരും റസൂലുമാരും അല്ലാഹുവിന്റെ ഔലിയാക്കളും ദൈവോന്മുഖരും ദൈവത്തെ പ്രദർശിപ്പിക്കുന്ന വ്യക്തികളുമാണ്. ഈ അവസ്ഥ വന്നപ്പോൾ ശത്രുക്കൾ മുസ്‌ലിമീങ്ങളെ തോൽപ്പിച്ചെന്ന് കരുതി സന്തോഷിച്ചു. അപ്പോൾ നബിﷺതിരുമേനി ഹദ്‌റത്ത് അബ്ബാസിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: "അബ്ബാസേ! വിളിച്ചുപറയുക, 'അൻസ്വാറേ! അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു.' ഹദ്‌റത്ത് അബ്ബാസ് ഉച്ചത്തിൽ നബിﷺതിരുമേനിയുടെ ഈ വാക്യം ആവർത്തിച്ചു; 'അൻസ്വാറേ! അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു.' ഒരു അൻസ്വാരിയുടെ വിവരണമനുസരിച്ച്, ഞങ്ങളുടെ കുതിരകളും ഒട്ടകങ്ങളും ഞങ്ങളുടെ നിയന്ത്രണത്തിൽനിന്നു വിട്ടുപോയിരുന്നു, മക്കയുടെയും മദീനയുടെയും ഇടയിൽ അവ നിൽക്കില്ലെന്ന് തോന്നി. മക്കയിലെ ആയിരക്കണക്കിനാളുകൾ ഓടിപ്പോയതിനാൽ അവ വളരെയധികം ഭയപ്പെട്ടിരുന്നു. അവ എങ്ങനെയും തിരിച്ചുവരുന്നേ ഉണ്ടായില്ല. ഞങ്ങൾ ഞങ്ങളുടെ യാത്രാമൃഗങ്ങളുടെ കടിഞ്ഞാൺ വലിക്കുന്നതിൽ എത്രയധികം ബലംപ്രയോഗിച്ചുവെന്നാൽ അവയുടെ മുഖം വാലിനോടു മുട്ടി.

എന്നിട്ടും അവ പിന്നോട്ടുതന്നെ ഓടിക്കൊണ്ടിരുന്നു. ഞങ്ങൾ ഈ അവസ്ഥയിലായിരുന്നപ്പോൾ, ഹദ്റത്ത് അബ്ബാസിന്റെ ശബ്ദം ഞങ്ങളുടെ കാതുകളിൽ മുഴങ്ങി: 'അൻസ്വാറേ! അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു.' ആ ശബ്ദം കേട്ടപ്പോൾ ഞങ്ങൾക്ക് തോന്നിയത് ഒരാൾ ഞങ്ങളെ വിളിക്കുകയാണെന്നല്ല, മറിച്ച് അത് ഖിയാമത്തുന്നാളാണെന്നും മരിച്ച ആത്മാക്കളെ ഉയിർത്തെഴുന്നേൽപ്പിക്കാൻ ഇസ്രാഫീലിന്റെ കാഹളം ഊതുകയാണെന്നുമായിരുന്നു. ആ സമയത്ത് ലോകത്തെയോ ലോകരെയോ കുറിച്ച് ഞങ്ങൾക്ക് ഒരു ബോധവുമില്ലായിരുന്നു. ഒരൊറ്റ ശബ്ദം മാത്രമാണ് ഞങ്ങളുടെ കാതുകളിൽ മുഴങ്ങിയത്; അത് അബ്ബാസിന്റെ ശബ്ദമായിരുന്നു. ആ സമയത്ത് ഞങ്ങളുടെ എല്ലാ ക്ഷീണവും നീങ്ങി. ഞങ്ങൾക്ക് ഞങ്ങളുടെ കുതിരകളെയും ഒട്ടകങ്ങളെയും തടയാൻ കഴിയില്ലെന്ന് ഒരു തോന്നലുണ്ടായിരുന്നു. അല്ലെങ്കിൽ ഞങ്ങൾ അവസാനമായി ശക്തി ഉപയോഗിച്ച് ഞങ്ങളുടെ കുതിരകളെയും ഒട്ടകങ്ങളെയും തിരിക്കാൻ പൂർണമായി ശ്രമിച്ചു. തിരിഞ്ഞവ തിരിഞ്ഞു, തിരിയാത്തവയുടെ കഴുത്തറുത്ത് ഞങ്ങൾ വാളുകൾ ഊരിയെടുത്ത് നബിﷺതിരുമേനിയുടെ അടുത്തോടി. ഇവർ പ്രവാചകൻ മുഹമ്മദ്ﷺയുടെ ഈമാനിൽനിന്ന് പ്രയോജനം നേടിയവരാണ്. നബിﷺതിരുമേനിയുടെ മഹത്ത്വം പോലെ തന്നെ അതായത് എത്ര വലിയ അപകടമുണ്ടായാലും, നബിﷺതിരുമേനിയുടെ കണ്ണിൽനിന്ന് അല്ലാഹു മറഞ്ഞിരുന്നില്ല. അതേപോലെ തങ്ങളുടെ പദവിക്കനുസരിച്ച് സ്വഹാബികളിലുമുണ്ടായിരുന്നു."(നബിﷺതിരുമേനിയുടെ സുശിക്ഷണത്തിന്റെ ഫലമായി). *(ഉസ്‌വയെ ഹസ്ന, അൻവാറുൽ ഉലൂം വാല്യം17, പേജ്193-95)*

ഹുനയ്നിൽ നബിﷺതിരുമേനിയോടൊപ്പം ആരൊക്കെയാണ് ഉറച്ചുനിന്നതെന്ന് ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. ഹദ്റത്ത് ഇബ്നു മസ്ഊദിൽനിന്ന് നിവേദനം: 'ഞാൻ ഹുനയ്ൻ യുദ്ധത്തിൽ നബിﷺതിരുമേനിയോടൊപ്പമുണ്ടായിരുന്നു. മുസ്‌ലിമീങ്ങൾ ഓടിപ്പോയി. നബിﷺതിരുമേനിയുടെ അടുത്ത് മുഹാജിറുകളിൽനിന്നും അൻസ്വാറിൽനിന്നും ഏകദേശം 80 പേർ മാത്രം അവശേഷിച്ചു. അവർ ഉറച്ചുനിന്നു, പിന്തിരിഞ്ഞോടിയില്ല. ഇവർക്കുമേലാണ് അല്ലാഹു സമാധാനം ഇറക്കിയത്. നബിﷺതിരുമേനി തന്റെ കോവർക്കഴുതപ്പുറത്തായിരുന്നു, ഒരു ചുവടുപോലും പിന്നോട്ടു പോയില്ല. അവിടത്തെ കോവർക്കഴുത കുനിഞ്ഞപ്പോൾ, അവിടന്ന് അതിന്റെ പുറത്തുനിന്ന് താഴോട്ടു കുനിഞ്ഞു. ഞാൻ പറഞ്ഞു: 'അങ്ങ് മുകളിലേക്ക് ഉയരട്ടെ, അല്ലാഹു അങ്ങയെ ഉയർത്തട്ടെ.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'എനിക്ക് ഒരു കൈ നിറയെ മണ്ണ് തരൂ. ഞാൻ ഒരുപിടി മണ്ണ് കൊടുത്തു, അവിടന്ന് ആ മണ്ണെടുത്ത് ശത്രുമുഖത്തെറിഞ്ഞു, അവരുടെ കണ്ണുകൾ മണ്ണുകൊണ്ട് നിറഞ്ഞു. എന്നിട്ട് അവിടന്ന് ചോദിച്ചു: 'മുഹാജിറുകളും അൻസ്വാറുമെവിടെ?' ഞാൻ പറഞ്ഞു: 'അവർ ഇവിടെ സന്നിഹിതരാണ്. അവിടന്ന് പറഞ്ഞു: 'അവരെ വിളിക്കൂ.' ഞാൻ അവരെ വിളിച്ചു, അവർ അവരുടെ വാളുകൾ വലതുകൈകളിൽ പിടിച്ചുകൊണ്ടുവന്നു, ബിംബാരാധകർ പിന്തിരിഞ്ഞോടി.

ഒരു നിവേദനത്തിലുണ്ട്. ആളുകൾ ഓടിപ്പോയി. അതായത് മുസ്‌ലിം സൈന്യത്തിൽ പരിഭ്രാന്തി പരന്നപ്പോൾ, നബിﷺതിരുമേനിയോടൊപ്പം ഏകദേശം നൂറുപേർ ബാക്കിയായി. ആ സമയത്ത് അവിടന്നിങ്ങനെ പ്രാർഥിച്ചു: **അല്ലാഹുമ്മ ലക്കൽ ഹംദു വ ഇലയ്ക്കൽ മുശ്തകാ വഅൻതൽ മുസ്തആൻ.** അല്ലാഹുവേ, സകലസ്തുതിയും നിനക്കാകുന്നു. ഞങ്ങൾ നിന്നോടു മാത്രമാണ് പരാതിപ്പെടുന്നത്, സഹായത്തിനായി നിന്നോടു മാത്രമാണ് ഞങ്ങൾ തേടുന്നത്. അപ്പോൾ ജിബ്‌രീൽ ﵇പറഞ്ഞു: 'മൂസാ﵇യ്ക്ക് കടൽ പിളർന്ന ദിവസം പഠിപ്പിച്ച അതേ വാക്കുകൾത്തന്നെയാണ് അങ്ങയ്ക്കും ഇറങ്ങിയത്.'*(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 325 -327, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാനിൽ﵁നിന്ന് നിവേദനം: 'ആളുകൾ പിന്തിരിഞ്ഞോടിയപ്പോൾ, ഞാൻ ഏകദേശം മനസ്സിലാക്കി, നബിﷺതിരുമേനിയോടൊപ്പം നൂറുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ വെന്ന്.'

ഹദ്റത്ത് അനസിൽ﵁നിന്ന് നിവേദനം: 'അതേ ദിവസം, അതായത് ഹുനയ്നിൽ, ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ, ഹദ്റത്ത് അലി(റളിയല്ലാഹു അൻഹും അജ്മഈൻ) നബിﷺതിരുമേനിയോടൊപ്പമുണ്ടായിരുന്നു. ഓരോരുത്തരും പത്തിലധികം ആക്രമണങ്ങൾ നടത്തി. ഹദ്റത്ത് ഇബ്നു മസ്ഊദും﵁ അവരിൽ ഉൾപ്പെട്ടിരുന്നു, അൻസ്വാറിൽനിന്ന് ഹദ്റത്ത് അബൂദുജാന, ഹാരിഥ ബിൻ നുഅ്മാൻ, സഅ്ദ് ബിൻ ഉബാദ, അബൂബശീർ, ഉസയ്ദ് ബിൻ ഹുളയ്ർ, മക്കക്കാരിൽനിന്ന് ശയ്ബ ബിൻ ഉഥ്മാൻ എന്നിവർ ഉറച്ചുനിന്നു.

സ്ത്രീകളിൽനിന്ന് ഹദ്റത്ത് ഉമ്മി സുലയിം ബിൻത് മിൽഹാൻ, ഉമ്മി ഉമാറ നസീബ ബിൻത് കഅ്ബ്, ഉമ്മി ഹാരിഥ്, ഉമ്മി സുലയ്ത് ബിൻത് ഉബയ്ദ് എന്നിവരും യുദ്ധക്കളത്തിലുണ്ടായിരുന്നു. *(സുബുലുൽഹുദാ വർറശാദ് വാല്യം 5 പേജ് 329-330, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

സ്ത്രീസ്വഹാബാക്കളുടെ ധൈര്യത്തെ സംബന്ധിച്ചും പ്രതിപാദ്യം വരുന്നുണ്ട്. അബ്ദുല്ലാഹ് ബിൻ അബൂബക്റിൽനിന്ന്﵁നിവേദനം: നബിﷺതിരുമേനി ഹദ്റത്ത് ഉമ്മു സുലയിം ബിൻത് മിൽഹാനെ കണ്ടു. അവർ അവരുടെ ഭർത്താവ് അബൂത്വൽഹയുടെ കൂടെയായിരുന്നു. അവർ ഗർഭിണിയുമായിരുന്നു. ഒട്ടകം അവരെ താഴെയിടുമോയെന്ന് അവർ ഭയപ്പെട്ടു. അതിനാൽ, അവർ മൂക്കുകയറും കടിഞ്ഞാണും കൂട്ടിപ്പിടിച്ച് ഒട്ടകത്തിന്റെ തല അവരുടെ അടുത്തു പിടിച്ചു. നബിﷺതിരുമേനി ചോദിച്ചു: 'ഉമ്മു സുലയിം ആണോ?' അവർ പറഞ്ഞു: 'അതേ! അല്ലാഹുവിന്റെ റസൂലേ.' എന്റെ മാതാപിതാക്കൾ അങ്ങേയ്ക്ക് തെണ്ടമാണ്.' അവരുടെ കൈയിൽ ഒരു കഠാര ഉണ്ടായിരുന്നു. ഹദ്റത്ത് അബൂത്വൽഹ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഇത് ഉമ്മു സുലയിമാണ്. ഇവരുടെ കൈയിൽ ഒരു കഠാരയുണ്ട്.' നബിﷺതിരുമേനി അവരോടു ചോദിച്ചു: 'ഈ കഠാര എന്തിനാണ്?.' ഉമ്മു സുലയിം മറുപടി പറഞ്ഞു: 'ഞാനിത് എടുത്തത്, അന്യാരാധകരിൽ നിന്നാരെങ്കിലും എന്റെയടുത്തു വന്നാൽ അവന്റെ വയറ് ഞാൻ കുത്തിക്കീറും.' ഇതുകേട്ട് നബിﷺതിരുമേനി പുഞ്ചിരിച്ചു. ഈ നിർണായക ഘട്ടത്തിൽ നബിﷺതിരുമേനിയോടൊപ്പമുണ്ടായിരുന്ന ഹദ്റത്ത് ഉമ്മു സുലയ്മിന്, ആളുകൾ നബിﷺതിരുമേനിയെ തനിച്ചാക്കി ഓടിപ്പോയതിൽ അത്രയധികം ദുഃഖവും ദേഷ്യവുമുണ്ടായിരുന്നു. നബിﷺതിരുമേനിയോടുള്ള സ്നേഹം കാരണം അവർ അങ്ങയോടു അപേക്ഷിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്കുശേഷം അങ്ങയെ തോൽപ്പിച്ച ത്വുലഖാഇനെ (പൊതുമാപ്പു നല്കപ്പെട്ടവരെ)വധിക്കേണ്ടതാണ്.' ത്വുലഖാഅ് എന്നാൽ, മക്കയിലെ നബിﷺതിരുമേനി ലാ തഥ്‌രീബ അലയ്ക്കുമുൽയൗമ ഇദ്ഹബൂ അൻതുമുത്ത്വുലഖാഅ് (ഇന്ന് നിങ്ങളുടെമേൽ ഒരു കുറ്റവുമില്ല, നിങ്ങൾ പൊയ്ക്കൊള്ളുക, നിങ്ങൾ മോചിപ്പിക്കപ്പെട്ടവരാണ്) എന്ന് പറഞ്ഞ് അവരോടു ദയകാണിച്ചവരാണ്. അവരിൽ രണ്ടായിരം പേർ ഹുനയ്ൻ യുദ്ധത്തിൽ പങ്കെടുത്തു. അവർ ശത്രുക്കളുടെ ശരവർഷം കണ്ടോടിപ്പോയി. പഴയ സ്വഹാബക്കളെയും പിന്നോട്ടുപോകാൻ പ്രേരിപ്പിച്ചു. എന്തായാലും, അവർ നബിﷺതിരുമേനിയോടൊപ്പമായിരിക്കെ തോറ്റുപോയ ഈ ത്വുലഖാഅ് ആയ ആളുകളെ വധിക്കണമെന്ന് ഉമ്മു സുലയിം പറഞ്ഞു. നബിﷺതിരുമേനി പറഞ്ഞു: 'ഉമ്മു സുലയിം, തീർച്ചയായും അല്ലാഹു ശത്രുവിനെതിരെ മതിയായവനാണ്, അവൻ നന്മ ചെയ്തിരിക്കുന്നു.'

മറ്റൊരു ധീര സ്വഹാബിയ്യ ഹദ്റത്ത് ഉമ്മാറ﵂യിൽനിന്ന് നിവേദനം: 'ഹുനയ്ൻ യുദ്ധദിവസം ആളുകൾ ഓടിപ്പോയപ്പോൾ ഞങ്ങൾ നാലു സ്ത്രീകളുണ്ടായിരുന്നു. എന്റെ കൈയിൽ മൂർച്ചയുള്ള ഒരു വാളും ഉമ്മുസുലയ്മിന്റെ കൈയിൽ ഒരു കഠാരയുമുണ്ടായിരുന്നു. അവർ അത് അവരുടെ അരയിൽ കെട്ടിവെച്ചിരുന്നു. അവർ ഗർഭിണിയുമായിരുന്നു. ഇതുകൂടാതെ ഹദ്റത്ത് ഉമ്മു സുലയ്ത്, ഉമ്മു ഹാരിഥ് എന്നിവരും അവിടെയുണ്ടായിരുന്നു. ഒരു വിവരണമനുസരിച്ച്, ഹദ്റത്ത് ഉമ്മുഉമാറ﵂ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: 'അൻസ്വാറേ! പിന്തിരിഞ്ഞോടുന്നതുമായി നിങ്ങൾക്കെന്ത് ബന്ധം?' അവർ പറഞ്ഞു: 'ഞാൻ ഹവാസിൻ ഗോത്രത്തിലെ ഒരാളെ കണ്ടു. അയാൾ പതാകയുയർത്തി തവിട്ടുനിറമുള്ള ഒരു ഒട്ടകപ്പുറത്ത് ഇരിക്കുന്നുണ്ടായിരുന്നു. അയാൾ മുസ്‌ലിമീങ്ങളുടെ പിന്നാലെ ഓടുകയായിരുന്നു. ഞാൻ അയാളുടെ മുമ്പിൽച്ചെന്ന് അയാളുടെ ഒട്ടകത്തിന്റെ കുതികാലുകളിൽ വെട്ടി. അപ്പോൾ ആ കുതിരക്കാരൻ പിന്തിരിഞ്ഞ് താഴെ വീണു. ഞാൻ അയാളെ ആക്രമിച്ചു, അയാൾ മരിക്കുന്നതുവരെ ഞാനെന്റെ വാളുകൊണ്ട്

അവനെ വെട്ടി. പിന്നീടു ഞാൻ അവന്റെ വാൾ കൈക്കലാക്കി. നബിﷺതിരുമേനി തന്റെ വാൾ ഊരിപ്പിടിച്ച് യുദ്ധക്കളത്തിൽ നിൽക്കുകയായിരുന്നു, ഞാൻ അവിടെ എത്തി, അവിടന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നു: അല്ലയോ സൂറത്തുൽ ബഖറയുടെ സ്വഹാബാക്കളേ. അങ്ങനെ അൻസ്വാർ ആക്രമിച്ചുകൊണ്ട് തിരികെ വന്നു. ഹവാസിൻ ഗോത്രക്കാർ, ഒട്ടകത്തിന്റെ പാൽ കറക്കുന്നത്ര സമയം മാത്രമേ സ്വഹാബാക്കൾക്ക് മുന്നിൽ ഉറച്ചുനിന്നുള്ളൂ, അതായത് കുറഞ്ഞ സമയം മാത്രമേ അവർക്ക് ചെറുത്തുനിൽക്കാൻ കഴിഞ്ഞുള്ളൂ. പിന്നെ ആ ശത്രുക്കൾ പരാജിതരായി ഓടിപ്പോയി. അവർ പറഞ്ഞു: ശത്രുക്കളുടെ ഇത്രയും വലിയ അപമാനകരമായ തോൽവി ഞാനൊരിക്കലും കണ്ടിട്ടില്ല. അവർ നാലുഭാഗത്തേക്കും ചിതറി ഓടി. എന്റെ പുത്രന്മാരായ ഹബീബും അബ്ദുല്ലായും തടവുകാരുമായി എന്റെ അടുത്ത് തിരികെ വന്നു.*(സ്വഹീഹ് മുസ്‌ലിം, കിതാബുൽജിഹാദ് വസ്സയ്ർ, ബാബു ഗസ്‌വത്തുന്നിസാഇ മഅർരിജാൽ ഹദീഥ് 3360, മുത്തർറജിം നൂർ ഫൗണ്ടേഷൻ, വാള്യം 9, പേജ് 241,242)(സുബുലുൽഹുദാ വർറശാദ് സീറത്തു ഖയ്റുൽ ഇബാദ്, വാള്യം 5, പേജ്330-331, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 139, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(കിതാബുൽമഗാസി (മുത്തർറജിം)വാള്യം 2, പേജ് 316, മക്തബ റഹ്മാനിയ്യ)*

ഹദ്റത്ത് അബൂബശീർ മാസിനിയിൽؓനിന്ന് നിവേദനം: ഹുനയ്ൻ യുദ്ധദിവസം ഞങ്ങൾ സ്വുബ്ഹി നമസ്കരിച്ചു. പിന്നീട് നബിﷺതിരുമേനി ഞങ്ങളെ നിറുത്തിയ സ്ഥലത്ത് ഞങ്ങളെത്തി. സൂര്യോദയത്തോടു അടുത്ത സമയമായെന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു. ശത്രുക്കൾ പെട്ടെന്ന് ഞങ്ങളെ ആക്രമിച്ചു. ഞങ്ങളുടെ സൈന്യത്തിന്റെ മുൻഭാഗം ഞങ്ങളുടെ അടുത്തു തിരികെ ഓടിവന്നു. അവർ തോൽവി സമ്മതിച്ചു. ഞങ്ങളുടെ നിരകൾ ഇടകലർന്നുപോയി. ഞങ്ങൾ മുന്നിര സൈന്യത്തോടൊപ്പം പരാജയപ്പെട്ടു. ഞാൻ തിരിഞ്ഞ് മുന്നോട്ടുപോയി. ഞാൻ ഒരു യുവാവായിരുന്നു. നബിﷺതിരുമേനി സൈന്യത്തിന്റെ മുൻഭാഗത്തുണ്ടെന്ന് എനിക്ക് മനസ്സിലായി. അപ്പോൾ ഞാൻ വിളിച്ചുപറഞ്ഞു: 'അൻസ്വാറേ! എന്റെ മാതാപിതാക്കൾ അല്ലാഹുവിന്റെ റസൂലിനു തെണ്ടമാണ്! നിങ്ങളെവിടേക്കാണ് പോകുന്നത്? ഞാൻ പരാജിതരായവരെ പിന്നോട്ട് തിരിക്കുകയായിരുന്നു. എന്റെ ശ്രമം നബിﷺതിരുമേനിയെ സുരക്ഷിതമായി കാണുക മാത്രമായിരുന്നു, അങ്ങനെ ഞാൻ നബിﷺതിരുമേനിയുടെ അടുത്തെത്തി. അവിടന്ന് അൻസ്വാറേ, അൻസ്വാറേ എന്ന് വിളിക്കുന്നുണ്ടായിരുന്നു. ഞാൻ അവിടത്തെ കുതിരയുടെ അടുത്തുചെന്നു. ഞാൻ പിന്നോട്ടു നോക്കിയപ്പോൾ അതാ അൻസ്വാർ ക്ഷണത്തിൽ തിരികെ വരുന്നു. നബിﷺതിരുമേനി തന്റെ കുതുരപ്പുറത്ത് ശത്രുവിനു മുന്നിൽ നിൽക്കുകയായിരുന്നു. അൻസ്വാർ നബിﷺതിരുമേനിക്ക് മുന്നിൽ യുദ്ധം ചെയ്യാൻ തുടങ്ങി. അവർ നബിﷺതിരുമേനിയോടൊപ്പം നിലകൊണ്ടു. അങ്ങനെ അൻസ്വാർ ശത്രുക്കളെ ഒരു ഫർസഖ് (മൂന്നുമൈൽ) ദൂരത്ത് തുരത്തിയോടിച്ചു. അവർ മലയിടുക്കുകളിൽ ചിതറിപ്പോയി. അങ്ങനെ അവർ ഞങ്ങൾക്കു മുന്നിൽ അടിയറവു പറഞ്ഞു. പിന്നീട് നബിﷺതിരുമേനി തന്റെ താമസസ്ഥലത്തേക്കും കൂടാരത്തിലേക്കും തിരികെപോയി. തടവുകാരെ അങ്ങയുടെ ചുറ്റും കെട്ടിയിട്ടിരുന്നു. ഒരു സംഘം അങ്ങയുടെ കൂടാരത്തിന് ചുറ്റുമുണ്ടായിരുന്നു. അങ്ങയോടൊപ്പം അങ്ങയുടെ ഭാര്യമാരായ ഹദ്റത്ത് ഉമ്മുസൽമയും ഹദ്റത്ത് സയ്നബും ഉണ്ടായിരുന്നു. ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് ഉമ്മുസൽമയും ഹദ്റത്ത് മയ്മൂനയുമാണുണ്ടായിരുന്നത്. പറയുന്നു: അവർക്കു ചുറ്റും നബിﷺതിരുമേനിയെ സംരക്ഷിക്കുന്ന ഒരു സംഘമുണ്ടായിരുന്നു, അവർ അബാദ ബിൻ ബിശർ, അബൂനാഇല, മുഹമ്മദ് ബിൻ മസ്‌ലമ എന്നിവരായിരുന്നു.

ഇബ്നു ഉഖ്ബ വിവരിക്കുന്നു: ഒരുഖുറയ്ശി, സ്വഫ്‌വാൻ ബിൻ ഉമയ്യയുടെ അടുത്തുകൂടി കടന്നുപോയി. (അയാൾ അപ്പോഴും അന്യാരാധകനായിരുന്നു. ഹുനയ്ൻ യുദ്ധം കാണാൻ കൂടെകൂടിയതായിരുന്നു). അയാൾ പറഞ്ഞു: 'മുഹമ്മദിനുംﷺ അവന്റെ അനുയായികൾക്കും തോൽവി ഉണ്ടായതിൽ നിനക്ക് സന്തോഷിക്കാം. ആദ്യത്തെ കടന്നാക്രമണം കണ്ട് അയാൾ അപ്രകാരം തോൽവിയുടെ വാർത്ത നല്കി. പിന്നീട് അയാൾ, അതായത് ആ മുശ്‌രിക്ക് അഥവാ അന്യാരാധകൻ പറഞ്ഞു: 'അല്ലാഹുവാണെ സത്യം!ഇനി അവർക്ക് പൂർവസ്ഥിതിയിൽ ഒരിക്കലും മടങ്ങാനാകില്ല. അതായത് അവർക്ക് ഇനി വിജയം ലഭിക്കില്ല. അപ്പോൾ സ്വഫ്‌വാൻ പറഞ്ഞു: നീ എനിക്ക് ഗ്രാമീണരുടെ വിജയം ആഘോഷിക്കാൻ സന്തോഷവാർത്ത നല്കുകയാണോ? അല്ലാഹുവാണെസത്യം! ഒരു ഖുറയ്ശി നേതാവായിരിക്കുന്നത് എനിക്ക് ഗ്രാമീണരുടെ നേതാവായിരിക്കുന്നതിനെക്കാൾ ഇഷ്ടമാണ്. സ്വഫ്‌വാൻ ഈ വാക്കുകൾ കേട്ട് ദേഷ്യപ്പെട്ടു. അയാൾ ഒരു അടിമയെ അന്വേഷണത്തിന് അയച്ചു. പറഞ്ഞു: ശ്രദ്ധിച്ചു കേൾക്കുക, ഇതാരുടെ കവിതയുടെ ശബ്ദമാണ്? കാരണം ആ സമയത്ത് മുദ്രാവാക്യങ്ങളുടെ ശബ്ദവും തുടങ്ങിയിരുന്നു. അയാൾ സ്വഫ്‌വാന്റെ അടുത്ത് തിരികെ വന്നു പറഞ്ഞു: 'അവരിങ്ങനെ പറയുന്നത് ഞാൻ കേട്ടു: ഏയ് ബനൂ അബ്ദുർറഹ്മാൻ, ഏയ് ബനൂ ഉബയ്ദുല്ലാഹ്, ഏയ് ബനൂ അബ്ദുല്ലാഹ്. അയാൾ പറഞ്ഞു: 'മുഹമ്മദ്ﷺവിജയിച്ചു, ഇത് അവരുടെ യുദ്ധമുദ്രാവാക്യമാണ്. അതുകേട്ട് സ്വഫ്‌വാന് സമാധാനമായി. അയാൾ പറഞ്ഞു: 'മുഹമ്മദിﷺന്‌വിജയമുണ്ടായി.'*(സുബുലുൽഹുദാവർറശാദ് വാള്യം 5, പേജ് 318-320, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദുറസൂലുല്ലാഹ് വാള്യം 9, പേജ് 260, ബസം ഇഖ്ബാൽ റോഡ്, ലാഹോർ)*

ഈ യുദ്ധത്തിൽ നബിﷺതിരുമേനി അവിശ്വാസികളുടെനേരെ കല്ലെറിയുകയും പ്രാർഥിക്കുകയും ചെയ്തതിനെക്കുറിച്ചും ഒരു നിവേദനമുണ്ട്. നേരത്തെ പറഞ്ഞതുപോലെ, അവിടന്ന് പറഞ്ഞിരുന്നു: 'എനിക്ക് മണ്ണ് തരൂ, ഞാനത് എറിയാം.' ഇതിന്റെ കൂടുതൽ വിശദീകരണമിങ്ങനെയാണ്: "സ്വഹാബാക്കൾ തിരികെ വന്നപ്പോൾ യുദ്ധം ശക്തമായിരുന്നു. നബിﷺതിരുമേനി കോവർക്കഴുതപ്പുറത്തിരുന്ന് യുദ്ധം നിരീക്ഷിച്ചു. അവിടന്ന് പറഞ്ഞു: 'യുദ്ധം വളരെ ശക്തിപ്രാപിച്ചിരിക്കുകയാണ്.' നിവേദകൻ പറയുന്നു: 'നബിﷺതിരുമേനി കല്ലുകളെടുത്ത് അവിശ്വാസികളുടെ മുഖത്തിനുനേരെ എറിഞ്ഞു.' എന്നിട്ടു പറഞ്ഞു: 'മുഹമ്മദിന്റെ നാഥനെക്കൊണ്ടു സത്യം! ഈ ആളുകൾ പരാജയപ്പെട്ടിരിക്കുന്നു.' മറ്റൊരു നിവേദനത്തിൽ പറയുന്നു: 'നബിﷺതിരുമേനി പറഞ്ഞു: 'കഅ്ബയുടെ നാഥനെക്കൊണ്ടു സത്യം! ഈ ആളുകൾ പരാജയപ്പെട്ടിരിക്കുന്നു.'

ഹദ്റത്ത് അബ്ബാസ്ؓപറയുന്നു: 'ഞാൻ നോക്കാൻ തുടങ്ങി, യുദ്ധം ഞാൻ കണ്ടതുപോലെതന്നെ നടക്കുകയായിരുന്നു. അല്ലാഹുവാണെ സത്യം! അവിടന്ന് കല്ലുകളെറിഞ്ഞപ്പോൾത്തന്നെ അവരുടെ വേഗം കുറയുന്നതു ഞാൻ കണ്ടു, അതായത് ശത്രുവിന്റെ ആക്രമണം കുറഞ്ഞു, അവരുടെ കാര്യം തകിടംമറഞ്ഞു, അതായത് തോൽവിയിൽ കലാശിച്ചു."*(സ്വഹീഹ് മുസ്‌ലിം, കിതാബുൽജിഹാദിവസ്സയ്ർ, ബാബു ഫീ ഗസ്‌വത്തി ഹുനയ്ൻ ഹദീഥ് 1775)*

ഇതിന്റെ കൂടുതൽ വിവരങ്ങ


**• ഹദീഥുന്നബ്‌വിﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,



**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ളിങ്ങനെ ലഭിക്കുന്നുണ്ട്: നബിﷺതിരുമേനി തന്റെ കോവർക്കഴുതപ്പുറത്ത് രണ്ടു കാലുകളും ജീനിയിൽ ചവിട്ടി നിന്നുകൊണ്ട് കൈകളുയർത്തി പ്രാർഥിച്ചു: **അല്ലാഹുമ്മ ഇന്നീ അൻശുദുക്ക മാവഅദ്തനീ, അല്ലാഹുമ്മ ലായൻബഗീ ലഹും അൻ യള്ഹറൂ അലയ്നാ.** അല്ലാഹുവേ, നീ എന്നോട് വാഗ്ദാനം ചെയ്തത് ഞാൻ നിന്നോടു ചോദിക്കുന്നു. അല്ലാഹുവേ, അവർ ഞങ്ങളെ തോൽപ്പിക്കുന്നതും ഞങ്ങൾ പരാജിതരാകുന്നതും ഉചിതമല്ല.

യസീദ് ബിൻ ആമിർ സുവാഇ നിവേദനം: അയാൾ ഹുനയ്നിൽ അവിശ്വാസികളോടൊപ്പമു ണ്ടായിരുന്നു, പിന്നീട് അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. അദ്ദേഹം വിവരിക്കുന്നു: "ഹുനയ്നിന്റെ സന്ദർഭത്തിൽ നബിﷺതിരുമേനി നിലത്തുനിന്ന് ഒരു പിടി നിറയെ മണ്ണെടുത്തു. എന്നിട്ട് അവിശ്വാസികളുടെ നേരെ തിരിഞ്ഞ് അവരുടെ മുഖത്തിനുനേരെ എറിഞ്ഞു, എന്നിട്ട് പറഞ്ഞു: നിങ്ങൾ തിരികെ പോവുക, മുഖങ്ങൾ കരുവാളിച്ചുപോകട്ടെ(നിന്ദിതരാകട്ടെ). അതിനുശേഷം അവരേതെങ്കിലും സഹോദരനെ കണ്ടുമുട്ടുമ്പോൾ തങ്ങളുടെ കണ്ണുകൾ എരിയുന്നതിനെക്കുറിച്ച് പരാതിപ്പെടാൻ തുടങ്ങി. അവർ തങ്ങളുടെ കണ്ണുകൾ തിരുമ്മുമായിരുന്നു. അതായത് ശത്രുക്കളുടെ കണ്ണുകളിൽ നീറ്റൽ തുടങ്ങിയിരുന്നു. ആ സമയത്ത് അവിടന്ന് ദൽദൽ എന്ന് പേരുള്ള കോവർക്കഴുതപ്പുറത്തായിരുന്നു. *(സുബുലുൽഹുദാവർറശാദ്, വാള്യം 5, പേജ് 322-324, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (അസ്സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 154, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് ശയ്ബ ബിൻ ഉഥ്മാൻؓഒരു ഖുറയ്ശി പ്രമുഖനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഉഥ്മാൻ ബിൻ ത്വൽഹ ഉഹുദ് യുദ്ധത്തിൽ കൊല്ലപ്പെട്ടു. ഇയാൾ മക്കയിൽനിന്ന് ഹുനയ്ൻ യുദ്ധസൈന്യത്തിൽച്ചേർന്നു. ചില രുടെ അഭിപ്രായത്തിൽ, മക്ക വിജയിച്ച സമയത്ത് ഇയാൾ മുസ്ലിമായി. അയാൾത്തന്നെ പറയുന്നു: 'എനിക്ക് അവസരം കിട്ടിയാൽ ഞാനെന്റെ പിതാവിന്റെ കൊലയ്ക്ക് പ്രതികാരമായി മുഹമ്മദിനെﷺകൊല്ലുമെന്നും (നഊദുബില്ലാഹ്) അങ്ങനെ എന്റെ മനസ്സിനെ ശാന്തമാക്കുമെന്നുമുള്ള ഉദ്ദേശ്യത്തോടെയായിരുന്നു യുദ്ധത്തിൽ പങ്കെടുത്തത്. ഇസ്ലാമിനോടുള്ള എതിർപ്പു കാരണം അദ്ദേഹം പറയാറുണ്ടായിരുന്നു: 'എല്ലാ അറബികളും അനറബികളും മുഹമ്മദിന്റെﷺ കലിമ ഏറ്റുചൊല്ലിയാലും ഞാൻ അയാളെ പിന്തുടരില്ല.' മുസ്ലിമീങ്ങൾ യുദ്ധക്കളത്തിൽനിന്ന് ഓടിപ്പോയതും നബിﷺതിരുമേനി ചുരുക്കം ചില ആളുകളോടൊപ്പം ഒറ്റപ്പെട്ടതും കണ്ടപ്പോൾ ശയ്ബ ചിന്തിച്ചു: അയാളെ വധിക്കാൻ എനിക്കു കിട്ടിയ നല്ല അവസരമാണിത്. ഞാൻ അയാളുടെ വലതുവശത്തുനിന്ന് ആക്രമിക്കാൻ മുന്നോട്ടു പോയപ്പോൾ അയാളുടെ പിതൃവ്യൻ അബ്ബാസ് അവിടെ നിൽക്കുന്നതു കണ്ടു. അബ്ബാസിന്റെ സാന്നിധ്യത്തിൽ മുഹമ്മദിനെ ആക്രമിക്കുന്നത് അസാധ്യമാണെന്ന് ഞാൻ കരുതി. അതുകൊണ്ട് ഞാൻ തിരികെപോയി. പിന്നെ ഞാൻ അയാളുടെ ഇടതുവശത്തുപോയി ആക്രമിക്കാൻ ശ്രമിച്ചു. പക്ഷേ, അവിടെ അബൂസുഫിയാൻ ബിൻ ഹാരിഥിനെ കണ്ടു. അവിടെനിന്ന് ഞാൻ തിരികെ പോയി. പിന്നീട് ഞാൻ അയാളുടെ പിന്നിൽനിന്ന് ആക്രമിക്കാൻ ഉദ്ദേശിച്ചു. ആക്രമിക്കാനുള്ള ഉദ്ദേശ്യത്തോടെ മുന്നോട്ടു പോയപ്പോൾ, എന്റെ കണ്ണിൽ കൈവെച്ച് ഞാൻ വേഗത്തിൽ പിന്നോട്ടു പോയി. പിന്നീട് അദ്ദേഹം വിവരിക്കുന്നുണ്ടായിരുന്നു: 'കൃത്യം ആ സമയത്ത് ഞാൻ തീജ്വാലകൾ ഉയരുന്നതുകണ്ടു. ആ തീജ്വാലകൾ എന്നെ ഭസ്മീകരിക്കുമെന്ന് എനിക്ക് തോന്നി. ആ സമയത്ത് നബിﷺതിരുമേനി വിളിച്ചുപറഞ്ഞു: 'ശയ്ബേ! എന്റെ അടുത്തു വരൂ. അദ്ദേഹം തന്റെ പിന്നിൽ നിൽക്കുന്നത് അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം പറഞ്ഞു: ഞാൻ അദ്ദേഹത്തിന്റെ അടുത്തു ചെന്നു. അദ്ദേഹം പുഞ്ചിരിച്ചു. എന്റെ നെഞ്ചിൽ കൈവെച്ച് തഴുകി. എന്നിട്ട് ഇപ്രകാരം പ്രാർഥിച്ചു: **അല്ലാഹുമ്മ അദ്ഹിബ് അൻഹു ശയ്ത്വാൻ.** അല്ലാഹുവേ, ഇയാളിൽനിന്ന് ശയ്ത്വാനെ അകറ്റിയാലും. ശയ്ബ പറഞ്ഞു: അല്ലാഹുവാണെസത്യം! ആ സമയത്ത് അല്ലാഹുവിന്റെ റസൂൽ എന്റെ ചെവി, എന്റെ കണ്ണ്, എന്റെ ജീവൻ എന്നിവയെക്കാൾ എനിക്ക് പ്രിയപ്പെട്ടവനായി മാറി. എന്റെ നെഞ്ച് ശുദ്ധമായി.

നബിﷺതിരുമേനി ശയ്ബയോടു പറഞ്ഞു: 'ശയ്ബേ! അവിശ്വാസികളോടു യുദ്ധം ചെയ്യുക.' അദ്ദേഹം വിവരിക്കുന്നു: 'അപ്പോൾ ഞാൻ മുഹമ്മദിനെﷺസംരക്ഷിക്കാൻ വാളെടുത്ത് ശത്രുക്കളുടെ നേരെ മുന്നോട്ടുപോയി. അല്ലാഹുവിന്റെ റസൂലിനോടുള്ള സ്നേഹത്താൽ ഞാൻ യുദ്ധം ചെയ്യാൻ തുടങ്ങി. ആ സമയത്ത് എന്റെ പിതാവ് എന്റെ മുന്നിൽ വന്നാലും ഞാൻ വധിക്കുമായിരുന്നു.*(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 256-258, ബസം ഇഖ്ബാൽ റോഡ് ലാഹോർ)(ഗസ് വാത്തുന്നബിﷺ, അല്ലാമ അലി ബുർഹാൻ ജലീ, മുത്തർറജിം, പേജ് 639, മക്തബ ദാറുൽഇശാഅത്ത്, കറാച്ചി)(അല്ലുഅ്‌ലുഉൽമക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാള്യം 9, പേജ് 272, മക്തബ ദാറുസ്സലാം)*

ഈ സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദുംؓ അദ്ദേഹത്തിന്റേതായ ശൈലിയിൽ വിവരിച്ചിട്ടുണ്ട്. നബിﷺതിരുമേനിയെക്കുറിച്ച് ഒരു സംഭവം വിവരിക്കപ്പെടുന്നു: 'ഒരാൾ ബാഹ്യമായ നിലയിൽ ഇസ്ലാം സ്വീകരിച്ചെങ്കിലും ഹുനയ്ൻ യുദ്ധത്തിൽ പങ്കെടുത്തത് യുദ്ധം തുടങ്ങിയാൽ തക്കംപാർത്ത് നബിﷺതിരുമേനിയെ വധിക്കണമെന്ന ഉദ്ദേശ്യത്തോടെയായിരുന്നു. യുദ്ധം കൊടുമ്പിരി കൊണ്ടപ്പോൾ ആ വ്യക്തി വാൾ ഊരിയെടുത്തു. ആ സമയത്ത് നബിﷺതിരുമേനി തനിച്ചായിരുന്നു, ഹദ്റത്ത് അബ്ബാസ്ؓമാത്രമാണ് കൂടെയുണ്ടായിരുന്നത്. അയാൾ അവസരം മുതലെടുത്ത് മുന്നോട്ടു വന്ന് ആക്രമിക്കാൻ ഉദ്ദേശിച്ചു. അല്ലാഹു തന്റെ റസൂലിന് ഈ യാളുടെ ഉള്ളിൽ കാപട്യം അഥവാ ശത്രുതയുണ്ടെന്ന കാര്യം വെളിപ്പെടുത്തിക്കൊടുത്തു. ആ വ്യക്തി പറയുന്നു: 'ഞാൻ അദ്ദേഹത്തിന്റെ അടുത്തൂടെ മുന്നോട്ടുപോയി. എന്റെ വാൾകൊണ്ട് അയാളുടെ തല കൊയ്യുമെന്ന് ഞാൻ തീരുമാനിച്ചു. പക്ഷേ, ഞാൻ അയാളുടെ അടുത്തെത്തിയപ്പോൾ അയാൾ എന്റെനേരെ കൈനീട്ടി എന്റെ നെഞ്ചിൽ കൈവെച്ചുകൊണ്ടു പറഞ്ഞു: 'അല്ലാഹുവേ, ഈയാളെ സാത്താനിക ചിന്തകളിൽനിന്ന് രക്ഷിക്കുകയും ഇയാളുടെ വിദ്വേഷം അകറ്റുകയും ചെയ്യേണമേ. അയാൾ പറയുന്നു: 'എനിക്ക് തൽക്ഷണം അദ്ദേഹത്തെക്കാൾ പ്രിയപ്പെട്ട മറ്റൊന്നുമില്ലെന്ന തോന്നലുണ്ടായി.' അതിനുശേഷം, നബിﷺതിരുമേനി പറഞ്ഞു: 'മുന്നോട്ടുപോയി യുദ്ധം ചെയ്യുക. ഞാനെന്റെ വാൾ ഊരിയെടുത്തു, അല്ലാഹുവാണെ സത്യം! ആ നേരത്ത് എന്റെ പിതാവ് ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, അദ്ദേഹം എന്റെ മുമ്പിൽ വന്നാലും ഞാനെന്റെ വാൾ അദ്ദേഹത്തിന്റെ നെഞ്ചിൽ കുത്തിയിറക്കുമായിരുന്നു. ആ സ്നേഹമാണ് അയാളുടെ ശത്രുത ഇല്ലാതാക്കിയത്. അതായത് നബിﷺതിരുമേനിയുടെ സ്നേഹം അയാളുടെ ശത്രുത അവസാനിപ്പിച്ചു.

യുദ്ധം കഴിഞ്ഞശേഷം നബിﷺതിരുമേനി തന്റെ കൂടാരത്തിലായിരുന്നു. അപ്പോൾ ശയ്ബ ബിൻ ഉഥ്മാൻ നബിﷺതിരുമേനിയെ സന്ദർശിക്കാനും കൂടിക്കാഴ്ച നടത്താനുമായി വന്നു. നബിﷺതിരുമേനി അദ്ദേഹത്തോടു പറഞ്ഞു: ശയ്ബേ! ആ നേരത്ത് നീ ചിന്തിച്ചതിനെക്കാൾ നല്ലതാണ് അല്ലാഹു നിനക്കുവേണ്ടി വിധിച്ചത്. പിന്നീട് നബിﷺതിരുമേനി

• ഹദീഥുന്നബ്‌വിﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ശയ്ബ ആ സമയത്ത് യുദ്ധക്കളത്തിൽ മനസ്സിലൊളിപ്പിച്ച എല്ലാ കാര്യങ്ങളും അദ്ദേഹത്തോടു പറഞ്ഞു. ശയ്ബ നബിﷺതിരുമേനിയുടെ അടുക്കൽ തന്റെ കഴിഞ്ഞ കാലത്തെ തെറ്റുകൾക്കു മാപ്പു ചോദിച്ചു. അപ്പോൾ നബിﷺതിരുമേനി ഗഫറല്ലാഹു ലക്ക(അല്ലാഹു നിനക്ക് പൊറുത്തു തരട്ടെ) എന്ന് പറഞ്ഞ് അദ്ദേഹത്തിനുവേണ്ടി പ്രാർഥിച്ചു.*(ദാഇറയെ ഇസ്‌ലാം, സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 258, ബസം ഇഖ്ബാൽ റോഡ്, ലാഹോർ)*

ഇപ്രകാരംതന്നെ, നുളയ്ർ ബിൻ ഹാരിഥിന്റെ ദുരുദ്ദേശ്യത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ശുഭപര്യവസാന്യത്തെക്കുറിച്ചും വിവരിക്കുന്നു. മക്കയിൽനിന്ന് ദുരുദ്ദേശ്യത്തോടും ദുഷ്ടലാക്കോടുംകൂടി ഹുനയ്ൻ സൈന്യത്തിൽ ചേർന്നവരിലൊരാളായിരുന്നു നുളയ്ർ ബിൻ ഹാരിഥ്. ഇയാൾ ഖുറയ്ശി നേതാക്കളിൽ പ്പെട്ട ഒരാളായിരുന്നു. ഇയാളുടെ സഹോദരൻ ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ടിരുന്നു. അദ്ദേഹംതന്നെ വിവരിക്കുന്നു: "ഞാനെന്റെ ചില കൂട്ടുകാരുമായി ഹുനയ്നിലേക്ക് പുറപ്പെട്ടത്, അവസരം കിട്ടുമ്പോൾ അവിശ്വാസികളുടെ ആക്രമണത്തിൽ ചേരാൻ വേണ്ടിയായിരുന്നു. തുടക്കത്തിൽ മുസ്‌ലിമീങ്ങൾ ചിതറിപ്പിരിഞ്ഞപ്പോൾ ഞാൻ നബിﷺതിരുമേനിയെ വധിക്കാൻ അദ്ദേഹത്തിന്റെ അടുത്തുപോയി, പക്ഷേ, ഞാൻ അദ്ദേഹത്തിന്റെ അടുത്തുപോകാനുദ്ദേശിച്ചപ്പോൾ ഞാൻ കണ്ടത് അദ്ദേഹത്തിന് ചുറ്റും വെളുത്ത മുഖങ്ങളുള്ള ചിലയാളുകളെയായിരുന്നു. അവരെന്നോടു ഇവിടെനിന്ന് ദൂരപ്പെടുക എന്ന് പറയുന്നുണ്ടായിരുന്നു. അവരുടെ ശബ്ദത്തിൽ എത്രയധികം ഭീകരതയുണ്ടായിരുന്നെന്നാൽ ഞാൻ ഭയന്ന് കിടുകിടാ വിറയ്ക്കാൻ തുടങ്ങി. കുറഞ്ഞ സമയം മാത്രമേ കഴിഞ്ഞുള്ളൂ, മുസ്‌ലിമീങ്ങൾ വീണ്ടും സംഘടിച്ച് ശത്രുക്കളെ ആക്രമിക്കാൻ തുടങ്ങി. ആ സമയത്ത് ഞാൻ അവിടെനിന്ന് തിരികെ പോയി. മരക്കൂട്ടങ്ങൾക്കിടയിൽ ഒളിച്ചു. ദിവസങ്ങളോളം ഒളിച്ചു താമസിച്ചു. കാരണം ഞാൻ കണ്ടതിന്റെ ഭയം എന്നെ വിട്ടകലുന്നുണ്ടായിരുന്നില്ല. പിന്നീട് നബിﷺതിരുമേനി ത്വാഇഫിലേക്ക് പോയെന്നും അവിടെനിന്ന് ഹുനയ്ൻ യുദ്ധത്തിനു ശേഷം ജിഅ്റാനയിലേക്ക് പോയെന്നും എനിക്ക് വിവരം കിട്ടി. അപ്പോൾ ഞാൻ ചിന്തിച്ചു. ഇപ്പോൾ ഇസ്‌ലാം വിജയിച്ചിരിക്കുന്നു. എല്ലാവരും ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു. തനിക്കും നബിﷺതിരുമേനിയുടെ സവിധത്തിൽ ഹാജരാകണം. അങ്ങനെ ഞാൻ ഒളിഞ്ഞും തെളിഞ്ഞും ജിഅ്റാനയിലെത്തി മുസ്‌ലിമീങ്ങളിൽ ചേർന്നു. നബിﷺതിരുമേനി എന്നെ കണ്ടപ്പോൾ തിരിച്ചറിഞ്ഞു, എന്നിട്ട് ചോദിച്ചു: 'നുളയ്റേ! ഇത് നീതന്നെയാണോ?' ഞാൻ പറഞ്ഞു: 'അതേ, ഞാൻ ഹാജരായിരിക്കുന്നു.' അവിടന്ന് പറഞ്ഞു: നീ ഹുനയ്നിൽ ഉദ്ദേശിച്ചതിനേക്കാൾ നിനക്ക് നല്ലതാണിത്. അതിൽ അല്ലാഹു നിനക്കും അതിനുമിടയിൽ തടസ്സമുണ്ടാക്കി. അതായത് അല്ലാഹു നിനക്കും നിന്റെ ദുരുദ്ദേശ്യത്തിനുമിടയിൽ തടസ്സമുണ്ടാക്കി.' നുളയ്ർ വിവരിക്കുന്നു: 'ഞാനിതുകേട്ട് വേഗം മുന്നോട്ടുപോയി നബിﷺതിരുമേനിയുടെ അടുത്തെത്തി പറഞ്ഞു: 'അല്ലാഹു അല്ലാതെ മറ്റൊരു ദൈവമുണ്ടായിരുന്നെങ്കിൽ അവരെനിക്ക് എന്തെങ്കിലും ഗുണം ചെയ്യുമായിരുന്നു. എന്നിട്ട് ശഹാദത്ത് കലിമ ചൊല്ലി ഇസ്‌ലാം സ്വീകരിച്ചു.' നബിﷺതിരുമേനി അദ്ദേഹത്തിനുവേണ്ടി പ്രാർഥിച്ചു: 'അല്ലാഹുമ്മ സിദ്ഹു ഥബാത്തൻ.' 'അല്ലാഹുവേ, ഈയാളുടെ സ്ഥൈര്യം വർധിപ്പിക്കേണമേ.' നുളയ്ർ പറഞ്ഞു: 'അല്ലാഹുവാണെ സത്യം! അവിടത്തെ ഈ പ്രാർഥനയുടെ ഫലമായി എന്റെ ഹൃദയം സ്ഥിരചിത്തതയുടെ കാര്യത്തിൽ ഒരു പാറപോലെ ഉറച്ചതായി മാറി.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'നുളയ്റിന് സന്മാർഗം നല്കിയ അല്ലാഹുവിനാണ് സർവസ്തുതിയും.'*(അൽബദായാ വന്നിഹായ വാല്യം 7, പേജ് 112-113, ദാറ് ഹിജ്ർ ബെയ്റുത്ത്)*

ഹുനയ്ൻ യുദ്ധത്തിനുശേഷം യുദ്ധമുതലുകൾ വിതരണം ചെയ്തപ്പോൾ, നബിﷺതിരുമേനി പുതുതായി ഇസ്‌ലാം സ്വീകരിച്ച ഖുറയ്ശി നേതാക്കന്മാർക്ക് അവരുടെ സന്തോഷത്തിന് നൂറ് ഒട്ടകം വീതം നല്കി. അവരിൽ ഒരാളായിരുന്നു നുളയ്ർബിൻ ഹാരിഥ്. അദ്ദേഹം വളരെയധികം ആത്മാഭിമാനം കാണിച്ചു. ഇത് സത്യത്തിൽ നബിﷺതിരുമേനി അദ്ദേഹത്തിന് വിശ്വാസത്തിൽ സ്ഥൈര്യം നല്കാൻ നടത്തിയ പ്രാർഥനയുടെ ഫലമായിരുന്നു. ഒരു വ്യക്തി അദ്ദേഹത്തിന്റെ അടുത്തുവന്ന് പറഞ്ഞു, നബിﷺതിരുമേനി താങ്കൾക്ക് നൂറു ഒട്ടകം നല്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു, അതു ചെന്ന് സ്വീകരിക്കുക.' അപ്പോൾ നുളയ്ർ അദ്ദേഹത്തോടു പറഞ്ഞു: 'നബിﷺതിരുമേനി എന്റെ സന്തോഷത്തിനു വേണ്ടിയാണ് ഇതു നല്കുന്നത്. അതിനാൽ ഞാൻ ഈ ഒട്ടകങ്ങൾ സ്വീകരിക്കില്ല. അതായത്, അല്ലാഹുവിന്റെ കാരുണ്യത്താൽ ഞാൻ ഇസ്‌ലാമിൽ ഉറച്ചുനിൽക്കുന്നതിനാൽ, സന്തോഷത്തിനുവേണ്ടിയുള്ള ഇത്തരം സ്വത്ത് സ്വീകരിക്കേണ്ട ആവശ്യമില്ല. പിന്നീട്, അദ്ദേഹം സ്വയം പറഞ്ഞു: 'ഞാൻ നബിﷺതിരുമേനിയോട് ഈ സ്വത്ത് ചോദിക്കുകയോ അപേക്ഷിക്കുകയോ ചെയ്തിട്ടില്ല, ഇത് അവിടത്തെ സമ്മാനമാണ്. അതിനാൽ ഇത് നിരസിക്കാൻ പാടില്ലാത്തതാണ്.' അങ്ങനെ അദ്ദേഹം ഈ വിവരം കൊണ്ടുവന്നയാൾക്ക് ആ ഒട്ടകങ്ങളിൽനിന്ന് പത്തെണ്ണം സമ്മാനമായി നല്കുകയും ബാക്കി തനിക്കുവേണ്ടി വയ്ക്കുകയും ചെയ്തു.

പിന്നീട് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു: 'അല്ലാഹുവിന് നന്ദി. ഞങ്ങൾക്ക് ഞങ്ങളുടെ പിതാക്കന്മാർ പിന്തുടർന്ന ശിർക്ക് അഥവാ ബഹുദൈവാരാധനയുടെ അവസ്ഥയിൽ മരിക്കേണ്ടി വരില്ല. അദ്ദേഹത്തിന്റെ ഇസ്‌ലാം വളരെ നല്ലതായിരുന്നു. അദ്ദേഹം മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു പോയി. പിന്നീട് ജിഹാദ് ചെയ്യാൻ സിറിയയിൽ പോയി, ഹിജ്റ 15-ൽ യർമൂക്ക് യുദ്ധത്തിൽ ശഹീദായി. ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.*(വിവർത്തനം: അനാസ് പി.കെ. കടലായി)*

പേജ് 1 ൽ നിന്ന്

ദിവ്യാത്ഭുതങ്ങളേയും ദൈവാടയാളങ്ങളേയും ലോകം നിഷേധിച്ചുകൊണ്ടിരുന്ന ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ ദിവ്യസ്ഥാപകർ ശത്രുക്കളെ വെല്ലുവിളിച്ചുകൊണ്ടു പറഞ്ഞു:

**കറാമത്ത് ഗർച്ചെ ബേനാമോ നിശാൻ അസ്ത്**
**ബയാ ബൻകർ സ ഗുലാമാനെ മുഹമ്മദ്**

അതായത് ഇക്കാലഘട്ടത്തിൽ നിങ്ങൾക്ക് ദിവ്യാത്ഭുതങ്ങളുടേയും ദിവ്യദൃഷ്ടാന്തങ്ങളുടേയും മാതൃകയൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾ വരിക, മുഹമ്മദു റസൂലുല്ലായുടെ ദാസനിൽനിന്ന് ആ കറാമത്തുകൾ അഥവാ ദിവ്യാത്ഭുതങ്ങൾ കണ്ടുകൊള്ളുക. നബിﷺതിരുമേനിയും അല്ലാഹുവിന്റെ ഈ പാരിതോഷികം സ്മരിച്ചുകൊണ്ടു പറഞ്ഞു:

**ഇന്നല്ലാഹ യബ്അഥു ലിഹാദിഹിൽ ഉമ്മത്തി അലാ റഅ്സികുല്ലി മിഅ്തിസനത്തിൻ മൻയ്യുജദ്ദിദു ലഹാ ദീനഹാ**

(അബൂദാവൂദ് വാല്യം 2, പേജ് 241) അതായത് അല്ലാഹു എന്റെ ഉമ്മത്തിൽ കാലത്തിന്റെ ദോഷം കാരണത്താൽ കടന്നുകൂടിയിട്ടുള്ള ദോഷങ്ങളെ അകറ്റുന്നതിനുവേണ്ടി ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ പരിഷ്കർത്താക്കളെ എഴുന്നേൽപിച്ചുകൊണ്ടിരിക്കുന്നതാണ്. ഇപ്രകാരം ഇസ്‌ലാമിന്റെ പരിശുദ്ധവും അന്യൂനവുമായ മുഖം ജനങ്ങളുടെ മുന്നിൽ ആവർത്തിച്ചുവന്നുകൊണ്ടിരിക്കുന്നതാണ്.*(തഫ്സീറേ കബീർ, വാല്യം 6, പേജ് 151, പ്രസാധനം 2010 ഖാദിയാൻ)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

**• ഹദീഥുന്നബ്വിﷺ •**

**"അത്തഅ്സിയത്തു മർറത്തുൻ."**
**അനുശോചനം ഒറ്റത്തവണ മതി.**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്വിﷺ •**

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**
**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

## ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ സത്യസാക്ഷ്യം
## നീതിമാനായ വിധികർത്താവ് എന്ന നിലയിൽ

ലഈഖ് അഹ്മദ് ഡാർ മുറബ്ബിയെ സിൽസില, നളാറത്ത് ഉൽയാ, ഖാദിയാൻ

അല്ലാഹുവിന്റെ പ്രവാചകന്മാർ ലോകത്ത് വരുമ്പോഴെല്ലാം അവർക്ക് ശക്തമായ എതിർപ്പു നേരിടേണ്ടി വരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്. അവർ കാലഘട്ടത്തിന്റെ സമ്പ്രദായത്തിനു വിരുദ്ധമായി വേറിട്ടൊരു വാദമുന്നയിച്ചു എന്നതിനാലാണ് അവരെ ലോകം എതിർക്കുന്നത്. പൊതുവെ ജനങ്ങളിൽ നിലനിന്നുവരുന്ന അഭിപ്രായങ്ങൾക്കെതിരെ അവർ തങ്ങളുടെ വാദം പ്രഖ്യാപിക്കുന്നു. പിന്നീട് പതുക്കെപ്പതുക്കെ പൊതുജനങ്ങളിൽനിന്നുള്ള സൗഭാഗ്യരായ ആളുകളിൽ അവരുടെ സത്യം വ്യക്തമാകുന്നു. അങ്ങനെ അവർക്ക് ഈമാനിന്റെ സമ്പത്ത് കരസ്ഥമാകുന്നു. അല്ലാഹുവിൽ നിന്ന് വരുന്നവരുടെ സത്യത സൂര്യപ്രകാശംപോലെ വെളിപ്പെടുന്നു. അവരുടെ ശത്രുക്കളെ സംബന്ധിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **യാ ഹസ്റത്തൻ അലൽ ഇബാദി മായഅ്ത്തീഹിം മ്മിൻ ർറസൂലിൻ ഇല്ലാ കാനൂ ബിഹീ യസ്തഹ്സിഊൻ**(36:31)മനുഷ്യർക്ക് അഹോ കഷ്ടം!അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെയടുക്കൽ വരുന്നില്ല.

ദൈവികസംഘങ്ങളുടെ വിജയത്തെ സംബന്ധിച്ച് മറുഭാഗത്ത് പറയുന്നു: **കത്തബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ ഇന്നല്ലാഹ ഖവിയ്യുൻ അസീസ്** ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു.(58:22)

നബിﷺതിരുമേനി മുസ്‌ലിം സമുദായത്തിനുണ്ടാകുന്ന അവസ്ഥകളെ സംബന്ധിച്ച് മുന്നറിയിപ്പു നല്കുകയുണ്ടായി. അവസാന കാലത്ത് ആഗതനാകുന്ന ഒരു ദൈവനിയോഗിതനെ സംബന്ധിച്ച് പ്രവചനങ്ങളും ചെയ്തു. ഇസ്‌ലാമിന്റെ ഒരു സേവകൻ വെളിപ്പെടുന്നതായിരിക്കും. സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മസീഹും മഹ്ദിയും നീതിമാനായ വിധികർത്താവും നബിയെന്ന് സംബോധന ചെയ്യപ്പെടുന്ന ആളുമായിരിക്കും. അർശിൽനിന്ന് അങ്ങേയറ്റം ബഹുമതിയോടെ അദ്ദേഹം വിളിക്കപ്പെടുന്നതായിരിക്കും. അദ്ദേഹത്തിന് എന്റെ സലാം പറയണം. അദ്ദേഹത്തിന് ബയ്അത്തു ചെയ്യുകയും വേണം. അദ്ദേഹത്തെ എതിർക്കുന്നതിൽ അരയും തലയും മുറുക്കി ഇറങ്ങരുതെന്നായിരുന്നു ഉദ്ദേശ്യം. പ്രത്യുത അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേരേണ്ടതാണ്.

കൃത്യസമയത്തും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചും ആ ദിവ്യനായ രാജാവ് വന്നു. താൻ മസീഹ് മൗഊദ് ആണെന്നും മഹ്ദിയെ മഅ്ഹൂദാണെന്നും നീതിമാനായ വിധികർത്താവാണെന്നും നബിയാണെന്നും വാദിച്ചു. അതോടെ പൊടുന്നനെ അദ്ദേഹത്തെ എതിർക്കാൻ തുടങ്ങി. ആ രീതി ആവർത്തിക്കേണ്ടതുതന്നെയായിരുന്നു. കാരണം മുമ്പേതന്നെ പ്രവചനത്തിൽ അദ്ദേഹത്തിനെതിർപ്പുണ്ടാകുമെന്ന് പറയപ്പെട്ടിരുന്നതാണ്.

ഹദീഥുകളിൽ വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദ്, പ്രത്യേകമായ നിലയിൽ ദീനീപരമായ എല്ലാ കാര്യങ്ങളിലും നീതിമാനായ വിധികർത്താവായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അങ്ങനെ ആ നിതീമാനായ വിധികർത്താവ് വന്നു. വിവിധങ്ങളായ എല്ലാ കാര്യങ്ങളിലും അദ്ദേഹം തന്റെ വിധി കേൾപ്പിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അംഗീകരിച്ചവർ അദ്ദേഹത്തിന്റെ സംഘം എന്നു പറയപ്പെട്ടു. ബാക്കിയുള്ളവർ അനശ്വരമായ നഷ്ടത്തിൽ പോകുകയും ചെയ്തു.

ചില സുപ്രധാനമായ കാര്യങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്ﷺവിധിപറഞ്ഞ കാര്യങ്ങൾ ഹ്രസ്വമായ നിലയിൽ ഇവിടെ രേഖപ്പെടുത്തുകയാണ്.

### ഹദ്റത്ത് ഈസാﷺയുടെ മരണം

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്ؓ പറയുന്നു: "ഹദ്റത്ത് മസീഹ്ﷺന്റെ അഞ്ചാമത്തെ തെറ്റ് കുരിശു സംഭവത്തെ സംബന്ധിച്ചായിരുന്നു. അതിൽ മുസ്‌ലിമീങ്ങളും യഹൂദികളും ക്രിസ്ത്യാനികളുമെല്ലാം അകപ്പെട്ടിരുന്നു. യഹൂദികൾ ഹദ്റത്ത് മസീഹിനു പകരം വേറെയാളെയാണ് കുരിശിൽ തറച്ചതെന്നും അദ്ദേഹത്തെ അല്ലാഹു ആകാശത്തേക്ക് സ്ഥൂലശരീരത്തോടെ പൊക്കിയെടുത്തുവെന്നും മുസ്‌ലിമീങ്ങൾ പറഞ്ഞു. യഹൂദികളും ക്രിസ്ത്യാനികളും പറഞ്ഞിരുന്നത് ഹദ്റത്ത് ഈസായെത്തന്നെയാണ് കുരിശിൽ തറച്ച് കൊന്നതെന്നാണ്. മുസ്‌ലിമീങ്ങളുടെ ചിന്താഗതിയെ ഹദ്റത്ത് മസീഹ് മൗഊദ്ﷺഇങ്ങനെ ഖണ്ഡിച്ചു:

'ഹദ്റത്ത് മസീഹിനു പകരം മറ്റൊരാളെ കുരിശിൽ തറയ്ക്കുക എന്നത് അങ്ങേയറ്റം അക്രമമായിരുന്നു. ആ വ്യക്തിയുടെ ഇഷ്ടമനുസരിച്ചാണ് കുരിശിൽ തറയ്ക്കപ്പെട്ടതെങ്കിൽ അതിനുള്ള തെളിവ് ചരിത്രത്തിലുണ്ടാവേണ്ടതാണ്. ഇനി ഹദ്റത്ത് മസീഹിനെ അല്ലാഹു ആകാശത്തിൽ എടുക്കണമായിരുന്നെങ്കിൽ ഏതെങ്കിലും പാപത്തെ കുരിശിൽ തറയ്ക്കേണ്ട ആവശ്യമെന്തായിരുന്നു? അതുകൊണ്ട് മസീഹിന്റെ സ്ഥാനത്ത് വേറൊരാളെ കുരിശിൽ തറച്ചുവെന്നതും അദ്ദേഹത്തെ ആകാശത്തിൽ പൊക്കിയെടുത്തുവെന്നതും തികച്ചും തെറ്റാണ്. മറുഭാഗത്ത് മസീഹ് കുരിശിൽ മരിച്ചുപോയെന്ന യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും വാദത്തേയും അവിടന്ന് ഖണ്ഡിക്കുകയുണ്ടായി. അതുപോലെതന്നെ ഹദ്റത്ത് മസീഹിനെ കുരിശിൽനിന്ന് ജീവനോടെയാണ് ഇറക്കിയതെന്നും അങ്ങനെ അല്ലാഹു ശാപമരണത്തിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചുവെന്നും അവിടന്ന് സ്ഥാപിക്കുകയും ചെയ്തു.

ഇനി നോക്കുക! 19 നൂറ്റാണ്ടുകൾക്കുശേഷം ഹദ്റത്ത് മസീഹിന്റെ പ്രസ്തുത സംഭവത്തിന്റെ യഥാർഥ അവസ്ഥ അന്വേഷിച്ചറിയുക എന്നത് എത്ര വലിയ ജോലിയാണ്. പ്രത്യേകിച്ചും ഹദ്റത്ത് മസീഹിനെ കുരിശിൽനിന്ന് ജീവനോടെ ഇറക്കി എന്നതിനുള്ള തെളിവ് അവിടന്ന് ബൈബിളിൽനിന്നുതന്നെനല്കിയതായാണ് നമ്മൾ കാണുന്നത്. ഉദാഹരണത്തിന് ഹദ്റത്ത് മസീഹിനോടു ഒരിക്കൽ അക്കാലത്തെ പണ്ഡിതന്മാർ അടയാളം ചോദിച്ചപ്പോൾ അദ്ദേഹം അവർക്ക് മറുപടി നല്കി: 'ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന്നു അടയാളം ലഭിക്കുകയില്ല. യോന കടലാനയുടെ വയറ്റിൽ മൂന്നുരാവും മൂന്നുപകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നുരാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിലിരിക്കും.'*(മത്തായി 12:39-40)*

തൗറാത്തിൽനിന്ന് സ്ഥാപിതമാകുന്നത് ഹദ്റത്ത് യൂനുസ്ﷺമൂന്നു ദിവസംവരെ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെ ഇരുന്നുവെന്നും ജീവനോടെ പുറത്തുവന്നുവെന്നുമാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് നാസിരിയും കുരിശു സംഭവത്തിന്റെ അവസരത്തിൽ ജീവനോടെ ഖബ്റിൽ പ്രവേശിപ്പിക്കപ്പെടേണ്ടതും ജീവനോടെ പുറത്തു വരേണ്ടതും നിർബന്ധമായിരുന്നു. അതിനാൽ ഹദ്റത്ത് മസീഹ് ﷺ കുരിശിൽ മരിച്ചിരുന്നുവെന്ന വിചാരം ബൈബിളിന്റെ അധ്യാപനത്തിന് ഘടക വിരുദ്ധമാണ്. അതുമുഖേന മസീഹിനെ നിർബന്ധമായും നിഷേധിക്കേണ്ടിവരുന്നു. ക്രിസ്ത്യാനികൾക്കെതിരിൽ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഈ ആയുധം എത്ര വലുതാണെന്നാൽ അവിടത്തെ ജോലിയുടെ മഹത്ത്വം സ്ഥാപിക്കുന്നതിന് അതുമാത്രം മതിയായതാണ്. എന്നാൽ, അവിടന്ന് അവിടെ മതിയാക്കിയില്ല. പ്രത്യുത ഹദ്റത്ത് മസീഹ് നാസിരി കുരിശു സംഭവത്തിനു ശേഷം കശ്മീരിൽവന്നുവെന്നും അവിടെ വന്ന് മരിച്ചുവെന്നും അവിടന്ന് ചരിത്രത്തിൽനിന്ന് സ്ഥാപിച്ചു കാണിച്ചു. അതായത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മറഞ്ഞിരുന്ന എല്ലാ കാര്യങ്ങളും വെളിച്ചത്തുകൊണ്ടുവന്നു.'*(ഹദ്റത്ത് മസീഹ് മൗഊദ്ﷺ കെ കാർണാമെ, അൻവാറുൽ ഉലൂം വാള്യം 10, പേജ് 170-171)*

### ഖതമുന്നുബുവ്വത്ത്

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ ؓ പറയുന്നു:'പിന്നീട് പ്രവാചകത്വത്തിന്റെ കാര്യത്തിലും അഭിപ്രായഭിന്നത

ഉണ്ടായിരുന്നു. എല്ലാ തരത്തിലുള്ള പ്രവാചകത്വവും നബിﷺതിരുമേനിയിൽ അവസാനിച്ചിരിക്കുന്നു. ഇനി ഒരാളും, അയാൾ അവിടത്തെതന്നെ അനുഗ്രഹം പറ്റിയ ആളും അവടത്തെതന്നെ ശരീഅത്തിന്റെ സേവകനായാലും നബിയാകുകയില്ല. അവിടന്ന് ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർഥം മനസ്സിലാക്കപ്പെട്ടിരിക്കുന്ന അർഥമല്ലെന്ന് തെളിവുകളോടു കൂടി സ്ഥാപിച്ചുകാണിച്ചു. പ്രവാചകത്വത്തിന്റെ പരമ്പര അവസാനിച്ചുവെന്നതിന്റെ ഉദ്ദേശ്യം ഇനി ഒരു തരത്തിലുള്ള നബിയും വരികയില്ല. കാരണം നബിﷺതിരുമേനിക്കുശേഷം ശരീഅത്തുള്ള പ്രവാചകത്വത്തിന്റെ കവാടമാണ് അടയ്ക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, ശരീഅത്തില്ലാത്ത പ്രവാചകത്വത്തിന്റേയും ഛായാപരമായ നുബുവ്വത്തിന്റേയും കവാടം ഒരിക്കലും അടയ്ക്കപ്പെട്ടിട്ടില്ല. ഇനി നുബുവ്വത്തിന്റെ എല്ലാ ശാഖയും അടയ്ക്കപ്പെടുകയും മുറിഞ്ഞുപോയിരിക്കുന്നതായി മനസ്സിലാക്കപ്പെടുകയും ചെയ്താൽ അതിന്റെ അർഥം നഊദുബില്ലാഹ് നബിﷺതിരുമേനിയുടെ അസ്തിത്വം മുഹമ്മദിയ്യ സമുദായത്തിൽനിന്ന് മഹത്തായ ഒരു കാരുണ്യവും ദൈവികമായ സമ്മാനവും തട്ടിപ്പറിച്ചെടുക്കുന്നതിന് നിമിത്തമായി എന്നാണ്. ചുരുക്കത്തിൽ അവിടന്ന് പ്രസംഗവും എഴുത്തും മുഖേന ഈ പ്രശ്നത്തിന്റെ വ്യർഥത സ്ഥാപിക്കുകയുണ്ടായി.*(ഏക് ഗലത്വീ കാ ഇസാല, തുഹ്ഫ ഗോൽഡവിയ്യ, നുസൂലുൽ മസീഹ്, ഹഖീഖത്തുൽ വഹ്യ് തുടങ്ങിയ ഹദ്റത്ത് മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ നോക്കുക). (തബ്ലീഗെ ഹിദായ പേജ് 108-109)*

**ഖുർആനിന്റേയും ഹദീഥിന്റേയും സ്ഥാനവും പദവിയും**

ഖമറുൽഅമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضപറയുന്നു:'പിന്നീട് ഖുർആന്റേയും ഹദീഥിന്റേയും സ്ഥാനത്തെ സംബന്ധിച്ച് അതായത് അവയിൽ ഏതാണ് മറ്റതിന്റെ മേൽ വിധി കർത്താവ് എന്നതിനെ സംബന്ധിച്ചുള്ള ചിന്താഗതികളുടെ പ്രകടനമുണ്ടായി, അതു കേട്ടാൽ ഒരു മുസ്ലിമിന്റെ ശരീരം വിറയ്ക്കാൻ തുടങ്ങും. മുസ്ലിമീങ്ങളിലെ ഒരു കക്ഷി ഖുർആനെ പിൻപുറം തള്ളിക്കളഞ്ഞു. ഹദീഥിന്റെ മുമ്പിൽ ഒരു ബിംബത്തയെന്നപോലെ വീണു. അവിടന്ന് ഈ പ്രശ്നങ്ങളിൽ സൂക്ഷ്മമായ ചർച്ചകൾ ചെയ്തു. ഒരു ഭാഗത്ത് സുന്നത്തിനെ ഹദീഥിൽനിന്ന് വേർപെടുത്തി സ്ഥാപിച്ചു. മറുഭാഗത്ത് ഖുർആനിന്റേയും സുന്നത്തിന്റേയും ഹദീഥിന്റേയും വെവ്വേറെ സ്ഥാനം തെളിവുകളോടും പ്രമാണങ്ങളോടും കൂടി നിർണയിച്ചു. *(അൽഹഖു ലുധിയാന, റിവ്യൂ പർ മുബാഹഥ, ചക്കടാലവി, കശ്തിയെ നൂഹ് തുടങ്ങിയ ഹദ്റത്ത് മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ നോക്കുക)(തബ്ലീഗെ ഹിദായ, പേജ് 110)*

ഖുർആനിന്റേയും ഹദീഥിന്റേയും സ്ഥാനം ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീرضപറയുന്നു: 'ജനങ്ങൾക്കുണ്ടായ 13-ാമത്തെ തെറ്റ് വിശുദ്ധ ഖുർആൻ, ഹദീഥിന്റെ താഴെയാണെന്ന് അവർ മനസ്സിലാക്കിയതാണ്. എത്രത്തോളമെന്നാൽ, ഹദീഥുകൾക്ക് ഖുർആനിക വചനങ്ങളെ കാലഹരണപ്പെടുത്താൻ കഴിയും എന്നുവരെ പറഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ﷺഈ തെറ്റിനെ എങ്ങനെയാണ് അകറ്റിയതെന്നാൽ, അവിടന്ന് പറഞ്ഞു:വിശുദ്ധ ഖുർആൻ വിധികർത്താവാണ്. ഹദീഥുകൾ അതിനു വിധേയമാണ്. വിശുദ്ധ ഖുർആൻ അനുസരിച്ചുള്ള ഹദീഥു മാത്രമെ നാം അംഗീകരിക്കുകയുള്ളൂ. ഇല്ലെങ്കിൽ നിഷേധിക്കുന്നതായിരിക്കും. ഇപ്രകാരംതന്നെ പ്രകൃതി നിയമത്തിന് വിധേയമായിട്ടുള്ള ഹദീഥു മാത്രമേ സ്വീകാരാർഹമാകുകയുള്ളൂ. കാരണം അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ കർമവും വിരുദ്ധമാകുകയില്ല.' *(ഹദ്റത്ത് മസീഹ് മൗഊദ്ﷺകെ കാർണാമെ, അൻവാറുൽ ഉലൂം, വാള്യം 10, പേജ് 159-160)*

**ദിവ്യപ്രകാശം**

ഇസ്ലാമിനു സംഭവിച്ച വിപത്തുകളിലും

കാലത്തിന്റെ വിഫലമായ മാറ്റത്തിലും

ഞാൻ ഇന്നാലില്ലാഹി പറയുന്നു!

ഹൃദയങ്ങൾ നിർജീവമായി

പാപകർമങ്ങൾ പെരുകി

അസ്വസ്ഥതകൾ അതികഠിനമായി

ഈ ഇരുണ്ട രാത്രിയിലെ

പ്രചണ്ഡമായ അധർമച്ചുഴിയുടെ

യാമത്തിൽ

അല്ലാഹുവിന്റെ കാരുണ്യം

ആവശ്യപ്പെടുകയുണ്ടായി-ആകാശത്തുനിന്ന്

പ്രകാശം ഇറങ്ങണമെന്ന്.

ഇതാ ആ പ്രകാശം ഞാനാകുന്നു;

അല്ലാഹുവിന്റെ

ആജ്ഞ അനുസരിച്ചുവന്ന

മുജദ്ദിദും,

അല്ലാഹുവിന്റെ സഹായം ലഭിച്ച ദാസനും,

ആഗതനാകേണ്ടുന്ന മഹ്ദിയും,

മസീഹ് മൗഊദും

ജനങ്ങൾക്ക് വിഭാവനം ചെയ്യാൻ കഴിയാത്ത

പദവിയിൽ

എന്റെ റബ്ബിൽനിന്ന്

ഞാൻ നിയോഗിതനായിരിക്കുന്നു.'

*ഖുത്ബ ഇൽഹാമിയ്യ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)*

**ചിന്തിക്കുന്നവർക്ക് സന്ദേശം**

**വലൗ അന്ന ഖൗമീ ആന സൂനീ ല അഹ്ലഹൂ**

**മിനദ്ദുല്ലി ഫിദ്ദുൻയാ വഫീ ദ്ദീനി ഉസ്സിറൂ**

**വലാക്കിൻ ഖുലൂബുൻ ബിൽയഹൂദി തശാബഹത്ത്**

**വ ഹാദ ഹുവന്നബ്ഉല്ലദീ ജാഅ ഫദ്കുറൂ**

**ഫ സ്വിർത്തുലഹും ഈസാ ഇദാ മാ തഹവ്വദൂ**

**വ ഹാദാ കഫാ മിന്നീ ലിഖൗമിൻ തഫക്കറൂ**

'എന്റെ ജനം എന്നെ കണ്ടറിഞ്ഞ് സ്വീകരിച്ചിരുന്നെങ്കിൽ,

ദുൻയാവിന്റെ എളിമയിൽനിന്ന് അവർ മോചിതരാകുകയും

ദീനിൽ അവർക്ക് സഹായം ലഭിക്കുകയും അങ്ങനെ

അവർ വിജയം വരിക്കുകയും ചെയ്യുമായിരുന്നു.

പക്ഷേ, ചില ഹൃദയങ്ങൾ യഹൂദികളോടു സാമ്യമുള്ളവയായി.

ഇതാകട്ടെ ആ പറയപ്പെട്ട പ്രവചനങ്ങളിൽ ഉള്ളതാകുന്നു.

അതിനാൽ നിങ്ങൾ ഓർമിക്കുവിൻ

അങ്ങനെ അവർ യഹൂദികളാ


• ഹദീഥുന്നബ്വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വിﷺ •

**"അൽഅയ്മനു ഫൽ അയ്മനു."**

**വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.**

ത്വാലിബെ ദുആ

**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**

PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്വിﷺ •

**"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."**

**ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.**




ത്വാലിബെ ദുആ

**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**

VAYANASHALA, PATHAPPIRIYAM, KERALA

യിത്തീർന്നപ്പോൾ

ഞാൻ അവർക്ക് ഈസാ ആയി വന്നു.എന്നെ കുറിച്ച് ചിന്തിക്കുന്നവർക്ക് ഇക്കാര്യം മതിയായതാണ്.

*ബറാഹീനെ അഹ്മദിയ്യ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ؑ*

പേജ് 12 ൽ നിന്ന്

ടന്ന് വാങ്ങുക. ഇല്ലെങ്കിൽ സോഫ്റ്റ് കോപ്പി അവിടന്ന് വാങ്ങി ഇവിടെ നിങ്ങളുടെ ആവശ്യമനുസരിച്ച് പ്രിന്റ് ചെയ്യുക. ഇവിടെ കടലാസും അച്ചടിയും ആദായകരമാണ്.

അമീർ സാഹിബ് ഇന്തൊനേഷ്യാ പറഞ്ഞു:World Crisis And The Pathway To Peace ന്റെ ഇന്തൊനേഷ്യൻ ഭാഷയിൽ തർജമ നടന്നുകൊണ്ടിരിക്കുന്നു. ഹുദൂർ അൻവർ പറഞ്ഞു:ഇത് വിദ്യാസമ്പന്നരായ ആളുകൾക്ക് കൊടുക്കുക. ഭരണതന്ത്രജ്ഞർക്കും രാഷ്ട്രീയ പ്രവർത്തകർക്കും നല്കുക.

പരിശോധനകൾക്കുശേഷം നാഷണൽ സെക്രട്ടറി തഅ്ലീമിനോടു ഹുദൂർ അൻവർ പറഞ്ഞു: നിങ്ങളുടെ കൈയിൽ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും സ്കൂളുകളിലും പോകുന്നവിദ്യാർഥികളുടേയും വിദ്യാർഥിനികളുടേയും പൂർണമായ റെക്കോർഡുകൾ ഉണ്ടായിരിക്കേണ്ടതാണ്. ഈ റെക്കോർഡുകൾ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുക.

ഹുദൂർ അൻവർ പറഞ്ഞു: വിദ്യാർഥികൾക്ക് അവാർഡു നല്കുന്ന സിസ്റ്റം നിങ്ങളും തുടങ്ങുക. വിദ്യാർഥികൾക്ക് അവരുടെ ഉന്നതവും അസാധാരണവുമായ വിജയത്തിൽ അവാർഡ് കൊടുക്കുക. അവരെ പ്രോത്സാഹിപ്പിക്കുക.

നാഷണൽ സെക്രട്ടറി തഅ്ലിം പറഞ്ഞു: ഈ വർഷം 200-നടുത്ത് വിദ്യാർഥികൾ യൂണിവേഴ്സിറ്റിയിൽ പോകുന്നതായിരിക്കും. ഹുദൂർ അൻവർ ഇങ്ങനേയും പറഞ്ഞു: പിന്നീട് നിങ്ങൾ ഏതു വിഷയത്തിൽ എത്ര കുട്ടികൾ പഠിക്കുന്നുവെന്ന കാര്യങ്ങളുടേയും റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

• അമീർ സാഹിബ് ഇന്തൊനേഷ്യാ പറഞ്ഞു:ഇന്തൊനേഷ്യാ ജാമിഅയിൽ കാളിഫൈഡായിട്ടുള്ള അധ്യാപരുടെ കുറവുണ്ട്. ഇതു സംബന്ധമായി ഹുദൂർ ചില സംഘടനാപരമായ ഉപദേശങ്ങൾ നല്കി.

• ഹുദൂർ അൻവറിന്റെ സന്നിധിയിൽ ഇങ്ങനെയൊരു പദ്ധതി സമർപിക്കപ്പെട്ടു. അതായത് മജ്ലിസ"നുസ്റത്ത് ജഹാൻ സ്കീമി"നെപ്പോലെ ഇവിടെ ഇന്തൊനേഷ്യയിലും സ്കൂളുകളും ക്ലിനിക്കുകളും തുടങ്ങുക. അതിന് ഇവിടെ ഒരു പാട് ആവശ്യമുണ്ട്. ചില പ്രദേശങ്ങൾ ഈ സൗകര്യങ്ങളിൽനിന്ന് തള്ളപ്പെട്ടുകിടക്കുന്നു.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ഇന്തൊനേഷ്യൻ അമീറിനെ നിർദേശം നല്കിക്കൊണ്ടു പറഞ്ഞു: പ്രൈമറി സ്കൂളുകളും ക്ലിനിക്കുളും സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുക. ഇവിടുത്തേക്കുവേണ്ടി മിഷണറിമാർക്കും ഡോക്ടേഴ്സിനും ടീച്ചേഴ്സിനും വിസ കിട്ടുമോ എന്ന് അന്വേഷിക്കുക. അവർക്ക് ഇവിടെ സേവനത്തിന് വരാൻ കഴിയുമോ എന്നും നോക്കുക. ഇത് സാധ്യമാണോ എന്നും പരിശോധിക്കുക.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: ഹ്യൂമാനിറ്റിഫസ്റ്റ് രജിസ്റ്റേഡാണെങ്കിൽ ഇവർക്കും സ്കൂൾ തുടങ്ങാൻ കഴിയും. ആഫ്രിക്കയിൽ സെക്കന്ററി ഹൈസ്കൂൾ, പ്രൈമറി ഹൈസ്കൂൾ, വൊക്കേഷണൽ സ്കൂൾ നടത്തുന്നുണ്ട്. അതിനാൽ ഈ വശത്തൂടേയും പരിശോധിക്കുക. സാധ്യതകളുണ്ടോ എന്ന്.

നാഷണൽ സെക്രട്ടറിസാഹിബ് ഉമൂറെ ഖാരിജയ്ക്ക് മാർഗനിർദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: നിങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുമായി നല്ല ബന്ധമുണ്ടായിരിക്കണം. ബന്ധമുണ്ടാകേണ്ടതാണ്. യുവാക്കളുടെ ഒരു ടീമുണ്ടാക്കുക. അവർ ഭരണാധികാരികളുമായി നല്ല ബന്ധം സ്ഥാപിക്കുകയും അതു വളർത്തുകയും വേണം.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: സെക്രട്ടറി തഅ്ലീം സാഹിബ് വിദ്യാർഥികൾക്ക് ആത്മവിശ്വാസം നല്കുക. അവർ പൊതുപ്രവർത്തനത്തിന് പോകട്ടെ. രാഷ്ട്രീയത്തിൽ പോകട്ടെ. ആർമി, നേവി, വ്യോമസേനയിലുള്ളവർക്ക് നമസ്കാരസെന്റർ ഉപയോഗിക്കാൻ കഴിയുകയില്ല. ഒരു പ്രത്യേക സ്ഥലമെടുത്തിട്ട് അവിടെയാണ് നമസ്കരിക്കാറുള്ളത്.

• ഹുദൂർ അൻവർ അയ്യദഹുല്ലാഹ് മലേഷ്യാ സ്വദർ സ്ഹിബിനോടു പറഞ്ഞു:നിങ്ങളുടെ പബ്ലിക് ബന്ധങ്ങൾ വർധിപ്പിക്കുക. രാജ്യത്തിന്റെ എല്ലാ സംസ്ഥാനങ്ങളിലും വർധിപ്പിക്കുക. എല്ലാ ഭാഗത്തും വർധിപ്പിക്കുക. ഭരണകർത്താക്കളായ ഓഫീസർമാരോടും ഉദ്യോഗസ്ഥന്മാരോടും സിവിൽ ഓഫീസർമാരോടും ബന്ധങ്ങൾ വർധിപ്പിക്കുക. ഈ അവസ്ഥലിൽനിന്ന് പെട്ടെന്ന് പുറത്തുവരാനുള്ള എന്തെങ്കിലും വഴി തേടിപ്പിടിക്കുക. യുവാക്കളുടെ ഒരു ടീമുണ്ടാക്കുക. അവർ കഠിനാധ്വാനത്തോടും പരിശ്രമത്തോടും തങ്ങളുടെ ബന്ധവും അടുപ്പവും സ്ഥാപിക്കുക.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു:മലേഷ്യയിലും നമ്മുടെ യുവാക്കൾ എല്ലാ വകുപ്പിലും ഉണ്ടായിരിക്കേണ്ടതാണ്. സർക്കാർ സർവീസുകളുടെ വിവിധ ഓഫീസുകളിലും സിവിൽ സർവീസുകളിലും ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ ഫീൽഡുകളിലും പോകുക. എല്ലാ വകുപ്പുകളിലും നമ്മുടെ സാന്നിദ്ധ്യമുണ്ടാകേണ്ടതാണ്. വ്യവസ്ഥാപിതമായി വിദ്യർഥികൾക്ക് കൗൺസിലിംഗ് നടത്താൻ സെക്രട്ടറി തഅ്ലീമിനോടു പറയുക. അവർക്ക് ഗൈഡ് ചെയ്യുക.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് സിംഗപ്പൂർ സ്വദ്റിനോടു പറഞ്ഞു: നിങ്ങൾക്കും ഇതേ മാർഗനിർദേശങ്ങൾത്തന്നെയാണുള്ളത്.

• സെക്രട്ടറിസാഹിബ് വസ്വായാ മലേഷ്യ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: വരുമാനമുള്ള 305 ആളുകളിൽ നിന്ന് ഇതുവരെ 191 മൂസികളുണ്ടായിട്ടുണ്ട്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ടാർഗറ്റ് പൂർത്തിയാക്കിയിരിക്കുകയാണില്ലോ!

• സെക്രട്ടറിസാഹിബ് തബ്ലീഗ് മലേഷ്യ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഈ വർഷം 78 ബയ്അത്തുൾ നടന്നു.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: ഇവരെല്ലാവരുമായും നിങ്ങളുടെ ബന്ധം നിലനിറുത്തുക.

• സെക്രട്ടറിസാഹിബ് തബ്ലീഗ് സിങ്കപ്പൂർ പറഞ്ഞു:അവരുടെ ഈ വർഷത്തെ ബയ്അത്തിന്റെ എണ്ണം 5-ആണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: അവരുമായി ശക്തമായ ബന്ധം പുലർത്തുക.

നിങ്ങളുടെ നിളാമിന്റെ അഥവാ വ്യവസ്ഥിതിയുടെ ഭാഗമാക്കുക. ആളുകൾ ബയ്അത്ത് ചെയ്യുന്നുണ്ട്. പിന്നീട് ബന്ധമില്ലെങ്കിൽ പിന്നിലേക്ക് പോകുന്നു. ഇവർക്കെല്ലാവർക്കും തർബിയ്യത്ത് നല്കേണ്ടതാണ്. സ്ഥിരമായ ബന്ധം നിലനിറുത്തേണ്ടതാണ്. മുബല്ലിഗിന് ഇവരുമായി വ്യക്തിപരമായ ബന്ധമുണ്ടാകണം.

• സെക്രട്ടറി സാഹിബ് തഅ്ലീം സിങ്കപ്പൂർ പറഞ്ഞു:ഞങ്ങളുടെ പത്തിനടുത്ത കുട്ടികൾ യൂണിവേഴ്സ്റ്റിയിൽ പോകുന്നുണ്ട്.അപ്പോൾ ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: ഒരു കമ്മിറ്റി രൂപീകരിക്കുക. ഏതൊരു വിദ്യാർഥിളാണോ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്നത് ഈ കമ്മിറ്റി അവർക്ക് ഗൈഡ്

• ഹദീസുന്നബവി ﷺ •
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീസുന്നബവി ﷺ •
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

നല്കേണ്ടതാണ്.

തായ്‌ലാൻഡിലെ ജമാഅത്ത് സ്വദർ പറഞ്ഞു:അവർക്ക് ഈ വർഷം രണ്ടു ബയ്അത്താണുണ്ടായത്. എല്ലാവരുമായും ബന്ധപ്പെട്ടിരിക്കാൻ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു.

- മ്യാൻമറിലെ(ബർമ)പ്രതിനിധി പറഞ്ഞു: അവിടെ ഈ വർഷം നാലു ബയ്ത്ത് നടന്നു. എല്ലാവരുമായും ബന്ധപ്പെട്ടിരിക്കാൻ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു.
- ഹുദൂർ അൻവർ പറഞ്ഞു: ചന്ദ ടാക്സൊന്നുമല്ല. ശറഹിനെക്കാൾ അഥവാ തോതിനെക്കാൾ കുറച്ചു നല്കാനാഗ്രഹിക്കുന്നവർ അവർ അനുവാദം വാങ്ങേണ്ടതാണ്.
- ഹുദൂർ അൻവർ പറഞ്ഞു: രാഷ്ട്രീയക്കാരുമായുള്ള ബന്ധം വർധിപ്പിക്കുക. എപ്പോൾ നിങ്ങൾക്ക് അവരുടെ ആവശ്യമുണ്ടാകുമോ അപ്പോൾ നിങ്ങൾക്ക് ഉപകാരപ്പെടുംവിധം ബന്ധം സുദൃഢമാക്കുക. അവർ ബയ്അത്ത് ചെയ്യണമെന്ന നിർബന്ധമൊന്നുമില്ല. അവർ രാഷ്ട്രീയക്കാരാണ്. ഭതികചിന്താഗതിക്കാരാണ്. അവർക്ക് World Crisis And The PathwayTo Peace എന്ന പുസ്തകം കൊടുക്കുക. അഹ്മദിയ്യത്തിനെക്കുറിച്ചുള്ള അവരുടെ ധാരണകൾ വിഭിന്നമായിരിക്കും. ഇപ്രകാരംതന്നെ പത്രപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥന്മാർ എന്നിവരുമായി ബന്ധം വെക്കുകയും അവർക്ക് ഗ്രന്ഥങ്ങൾ നല്കുകയും ചെയ്യുക.(തുടരും)

## വാഗ്ദത്ത മഹ്ദീമസീഹ്
## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ﷺ പറയുന്നു:

ഉദാരനായ അല്ലാഹു ദീനിന്റെ പ്രചാരണത്തിനും ന്യായപൂർത്തീകരണത്തിനുംവേണ്ടി, ഈയുള്ളവന് തന്റെ തെളിവുകളും പ്രമാണങ്ങളും അവന്റെ കൃപയും കരുണയും പ്രദാനം ചെയ്തിരിക്കുന്നു. മുൻകഴിഞ്ഞ സമുദായങ്ങളിൽപ്പെട്ട ആർക്കുംതന്നെ ഇന്നുവരെ അത് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല.

ഭൗമപരവും ആകാശപരവും സ്ഥാനപരവും കാലികപരവുമായുള്ള എല്ലാത്തരം അടയാളങ്ങളും അവൻ സ്വയമേവ എനിക്കുവേണ്ടി വെളിപ്പെടുത്തി. നബിﷺതിരുമേനിയുടെ ഭൂരിഭാഗം പ്രവചനങ്ങളുടെ പുലർച്ചയും ഉണ്ടായിക്കഴിഞ്ഞു. ആകാശവും നമുക്കുവേണ്ടി സാക്ഷി പറഞ്ഞു. ഭൂമിയും നമുക്കുവേണ്ടി തെളിവുകൊണ്ടുവന്നു. ആയിരക്കണക്കിന് ദിവ്യാത്ഭുതങ്ങൾ വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

ഇക്കൂട്ടർ നമുക്ക് മൂക്കാത്ത ഈത്തപ്പഴം നല്കി, ഹദീഥുകളുടേയും ഖൗലുകളുടേയും കൂമ്പാരം കൊണ്ടുവന്ന് പരാജയപ്പെടുത്താൻ ആഗ്രഹിക്കുന്നു. എന്നാൽ, ഇവർക്കെന്താണ് ചെയ്യാൻ കഴിയുക? നമുക്കാണെങ്കിൽ 30 വർഷമായി അല്ലാഹു നേരിട്ട് എല്ലാ നേരത്തും പുതുതായ ഇൽഹാമുകൾ മുഖേന നീ കൊണ്ടുവന്ന കാര്യം സത്യമാണെന്ന വിവരം അറിയിക്കുന്നു. നിന്റെ എതിരാളികൾ അസത്യത്തിലാണുള്ളത്. നാമിപ്പോൾ എന്തു ചെയ്യാനാണ്. ഇവർ പറയുന്നത് സമ്മതിക്കണമോ അതോ ആകാശത്തുനിന്ന് അല്ലാഹു പറയുന്നത് സമ്മതിക്കണമോ? നിന്ന് **വല്ലാഹു മുത്തിമ്മുനൂരിഹീ** (അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്) എന്നതിന്റെ സാക്ഷാത്കാരം ഈ വിനയനാകുന്നു.

'അല്ലാഹു ഏറ്റവും താഴ്ന്ന നിലയിലുള്ള ഈ ദാസനെ ഇക്കാലത്ത് സൃഷ്ടിക്കുകയും നൂറുക്കണക്കിന് ദൈവികാടയാളങ്ങളും അദൃശ്യപരമായ ദിവ്യാത്ഭുതങ്ങളും ഈശ്വരീയജ്ഞാനങ്ങളും യാഥാർഥ്യങ്ങളും നല്കുകയും നൂറുക്കണക്കിന് ബുദ്ധിപരവും ഖണ്ഡിതവുമായ തെളിവുകളെ കുറിച്ച് അറിവ് പ്രദാനം ചെയ്യുകയും ചെയ്തുകൊണ്ട് ഖുർആനികമായ യഥാർഥ അധ്യാപനങ്ങളെ എല്ലാ ജനതയിലും രാജ്യങ്ങളിലും പ്രസിദ്ധീകരിക്കാനും നടപ്പിൽ വരുത്താനും അവരിൽ തന്റെ ന്യായപൂർത്തീകരണം നടത്താനും തീരുമാനിച്ചു. ഇതേ തീരുമാനം കാരണത്താൽ ഉദാരനായ അല്ലാഹു ഈ വിനയന് തൗഫീഖ് നല്കി. ഇത്മാമൻല്ലിൽഹുജ്ജത്തി പതിനായിരം രൂപയുടെ വിജ്ഞാപനം ഈ ഗ്രന്ഥത്തോടൊപ്പം ചേർത്തിരിക്കുന്നു. ശത്രുക്കളുടേയും എതിരാളുകളുടേയും സാക്ഷ്യത്തോടുകൂടി ദൈവികാടയാളം സമർപിക്കപ്പെട്ടു. ഇത്മാമെഹുജ്ജത്തിന്റെ(ന്യായപൂത്തീകരണത്തിന്റെ)ഒരു അണുപോലും അവശേഷിക്കാതിരിക്കാൻ, അതിനെ എതിർക്കുന്നവരേയും നേരിടുന്നവരേയും സകല എതിരാളികളേയും സംബോധനചെയ്തിരിക്കുന്നു. എല്ലാ ഓരോ എതിരാളിയും തങ്ങൾ പരാജിതരും ഉത്തരമില്ലാത്തവരുമാണെന്നതിന് സാക്ഷിയാകാൻ! ചുരുക്കത്തിൽ ഉദാരനായ അല്ലാഹു ദീനിന്റെ പ്രചാരണത്തിനും ന്യായപൂർത്തീകരണത്തിനുംവേണ്ടി, ഈയുള്ളവന് തന്റെ തെളിവുകളും പ്രമാണങ്ങളും അവന്റെ കൃപയും കരുണയും പ്രദാനം ചെയ്തിരിക്കുന്നു. മുൻകഴിഞ്ഞ സമുദായങ്ങളിൽപ്പെട്ട ആർക്കുംതന്നെ ഇന്നുവരെ അത് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. എന്തൊന്നാണോ ഇതുസബന്ധമായ അദൃശ്യമായ തൗഫീഖുകൾ ഈ വിനയന് നല്കപ്പെട്ടിട്ടുളളത് അത് അവരിൽ ആർക്കുംതന്നെ നല്കപ്പെട്ടിട്ടില്ല. **വ ദാലിക്ക ഫള്‌ലുല്ലാഹി യുഅ്ത്തീഹി മൻയ്യശാഉ.** അതുകൊണ്ട് ഉദാരനായ അല്ലാഹു പ്രത്യേകമായ കാരണങ്ങൾകൊണ്ട് ഈ വിനയനെ പ്രത്യേകപ്പെടുത്തിയിരിക്കുകയാണ്. പ്രബോധന സേവനത്തിന് അങ്ങേയറ്റം നിർദേശിക്കപ്പെട്ടതും സഹായകരവുമായ കാലത്ത് ഈ വിനയനെ അവൻ സൃഷ്ടിച്ചു. ഇതുകാരണത്താൽ അവൻ തന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളുംകൊണ്ട് ഈ സന്തോഷവാർത്തയും നല്കിയിരിക്കുന്നു, ലോകാരംഭംമുതൽ അംഗീകരിക്കപ്പെട്ട കാര്യമാണ് ഉപര്യുക്ത ആയത്തിൽ പറഞ്ഞിട്ടുള്ളത്. ഇപ്രകാരം തന്നെ വല്ലാഹു മുത്തിമ്മുനൂരിഹി(അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്) എന്നതിന്റെ ആത്മീയമായ നിലയിലുള്ള സാക്ഷാത്കാരം ഈ വിനയനാകുന്നു. ഈയുള്ളവനെഴുതിയ തെളിവുകളും പ്രമാണങ്ങളും എതിരാളികൾക്കെതിരിലുള്ള കാര്യങ്ങളും അല്ലാഹു എതിരാളികൾവരെ എത്തിക്കുന്നതായിരിക്കും. അതിന് മറുപടിയെഴുതാൻ അവർക്ക് സാധിക്കുകയില്ലെന്നും അവർ നിരുദ്ധകണ്ഠരാണെന്നും ലോകത്ത് പ്രകടിപ്പിച്ച് ഉപര്യുക്ത ആയത്തിൽ പറഞ്ഞതിന്റെ അർഥം പൂർത്തിയാക്കുന്നതായിരിക്കും. ഫൽഹംദു ലില്ലാഹി അലാ ദാലിക്.' *(ബറാഹീനെ അഹ്മദിയ്യ ഭാഗം 4, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 596, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)*

### ഫലം നൽകാത്ത ഉണങ്ങിയ ശാഖ

"ഓ, എന്റെ ജമാഅത്ത്! അല്ലാഹു നിങ്ങളോടൊപ്പമുണ്ടാവട്ടെ. ആ സർവശക്തനും ഔദാര്യവാനുമായ അല്ലാഹു നബിﷺതിരുമേനിയുടെ സഹാക്കളെ സജ്ജമാക്കിയിരുന്നതുപോലെ പരലോകയാത്രയ്ക്കായി നിങ്ങളേയും അവൻ സജ്ജമാക്കുമാറാകട്ടെ. കേവലം ഭൗതികലക്ഷ്യം വെച്ചുകൊണ്ടുള്ള ജീവിതം ശപ്തമാണ്. തന്റെ എല്ലാവിധ അല്ലലും അലട്ടും ഐഹികജീവിതത്തിനുവേണ്ടി മാത്രമായിട്ടുള്ളവൻ നിർഭാഗ്യനത്രെ. അത്തരക്കാരാനായ വല്ലവനും എന്റെ ജമാഅത്തിൽ ഉണ്ടെങ്കിൽ അയാൾ എന്റെ ജമാഅത്തിൽ നിലകൊള്ളുന്നത് നിഷ്ഫലമാണ്. കാരണം ഫലം നൽകാത്ത ഉണങ്ങിയ ശാഖപോലെയത്രെ അയാൾ. *(തദ്കിറത്തുശ്ശഹാദത്തയ്ൻ, ഹദ്റത്ത് മിർസാഗുലാം അഹ്മദ്ﷺ പേജ് 50)*

• ഹദീഥുന്നബ്‌വിﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 09 October 2025 Issue-41

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്റിഹിൽ അസീസിന്റെ സിംഗപ്പൂർ പര്യടനം

**2013 സെപ്റ്റംബർ 30**

**തിങ്കൾ.....**

ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 6 മണിക്ക് മസ്ജിദ് ത്വാഹായിലെത്തി സ്വുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം താമസസ്ഥലത്തേക്ക് മടങ്ങി.

രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും മറ്റുകത്തുകളും വായിക്കുകയും നിർദേശങ്ങൾ നല്കുകയും ചെയ്തു.

അഹ്മദിയ്യ ജമാഅത്ത് ഇന്തൊനേഷ്യയുടെ മജ്‌ലിസെ ആമില അംഗങ്ങളുമായുള്ള മീറ്റിംഗ്

പരിപാടിയനുസരിച്ച് 11.15-ന് ഹുദൂർ ത്വാഹ മസ്ജിദിൽ വന്നു. നാഷണൽ മജ്‌ലിസെ ആമില ഇന്തൊനേഷ്യാ അഗംങ്ങളുമായു മീറ്റിംഗ് ആരംഭിച്ചു. ഹുദൂർ ദുആ ചെയ്യിച്ചു.

• .....അതിനുശേഷം നാഷണൽ സെക്രട്ടറി സാഹിബ് വസ്വായ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇപ്പോൾ മൂസ്വിമാരുടെ എണ്ണം അയ്യായിരത്തിലധികമാണ്. ഹുദൂർ വസ്വിയ്യത്തിനെ കുറിച്ച് പറഞ്ഞ നേരത്ത് മൂസ്വികളുടെ എണ്ണം രണ്ടായിരമായിരുന്നു. അതിലിപ്പോൾ മൂവായിരത്തിന്റെ വർധന ഉണ്ടായികഴിഞ്ഞിട്ടുണ്ട്. അപ്പോൾ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: നിങ്ങളുടെ ചന്ദകൊടുക്കുന്നവരുടെ സംഖ്യ ഇരുപത്തിരണ്ടായിരമാണ്. അതിന്റെ പകുതിവരെ എത്തുക.

ഹുദൂർ പറഞ്ഞു: ജോലിയിൽ വർധന ഉണ്ടാകുന്നതിന് അഡീഷണൽ സെക്രട്ടറി വസ്വായാ ഉണ്ടാക്കുക. നിങ്ങൾ എത്രയും വേഗം നിങ്ങളുടെ 50% എന്ന ലക്ഷ്യത്തിലെത്തുക.

• നാഷണൽ സെക്രട്ടറിമാലിൽ നിന്ന് ഹുദൂർ അയ്യദഹുല്ലാഹ് വളരെ വിശദമായിത്തന്നെ ജമാഅത്തിന്റെ ബജറ്റും, ചന്ദ ആം, ചൻദ വസ്വിയ്യത്ത്, ചന്ദ നല്കുന്നവരുടെ എണ്ണം,തുടങ്ങിയവ വിലയിരുത്തി. ജമാഅത്തംഗങ്ങളുടെ ചന്ദയുടെ വ്യക്തിഗതമായ നിലവാരം അവലോകനം ചെയ്തു. പറഞ്ഞു: നിങ്ങളുടെ ചന്ദയുടെ നിലവാരം ഇനിയും ഒരുപാട് ഉയർത്താൻ കഴിയും. ഹുദൂർ അൻവർ പറഞ്ഞു:ചന്ദയുടെ നിലവാരവും ഉയർത്തുക. ചന്ദ കൊടുക്കുന്നവരുടെ അംഗസംഖ്യയും വർധിപ്പിക്കുക. ഈ എണ്ണം ഇപ്പോൾ ഒരുപാട് വർധിക്കേണ്ടതാണ്. ഹുദൂർ അൻവർ പറഞ്ഞു:നിങ്ങളുടെ ബജറ്റ് നിഷ്പ്രയാസം5 മുതൽ 10 ശതമാനംവരെ ഉയർത്താൻ സാധ്യതയുണ്ട്.

• നാഷണൽ സെക്രട്ടറി തബ്ലീഗ് ഹുദൂർ അൻവർ ചോദിച്ചപ്പോൾ പറഞ്ഞു: ഇ329ൗ വർഷം ഇന്തൊനേഷ്യയിൽ 329 ബയ്അത്തുകൾ നടന്നു. ഏതെല്ലാം നാടുകളിലാണോ ബയ്അത്ത് നടന്നത് അവിടുത്തെ മുബല്ലിഗുമാരും ലോക്കൽ മുഅല്ലിമീങ്ങളും അവരുമായി ബന്ധംവെച്ചു വരുന്നുണ്ട്. കൃത്യമായി ബന്ധപ്പെടുന്നുമുണ്ട്.

അപ്പോൾ ഹുദൂർ പറഞ്ഞു:നൗമുബാഇയീനുവേണ്ടിയുള്ള അഡീഷണൽ സെക്രട്ടറി വഖ്ഫു ജദീദുണ്ട്. എല്ലാ നവഅഹ്മദികളുമായി ബന്ധമുണ്ടാക്കുകയും ബന്ധം നിലനിറുത്തുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ ജോലിയാണ്. എല്ലാ ജമാഅത്തുകളിലെ സെക്രട്ടറിമാരുമായും ബന്ധപ്പെടണം. ഇപ്പോഴാണെങ്കിൽ ഫോണുണ്ട്. ഫാക്സുണ്ട്. മറ്റുമാർഗങ്ങളുമുണ്ട്. അവ മുഖേന ഇവരുമായി എളുപ്പത്തിൽ ബന്ധപ്പെടാവുന്നതാണ്. ഇപ്പോൾ അവരുമായി സ്ഥിരാമായിട്ട് ബന്ധപ്പെടുക. അവർക്ക് ശിക്ഷണം നല്കുക. ഈ പുതിയ ആളുകൾ എതിർപ്പു കാണുമ്പോൾ പരിഭ്രമിച്ചു പോകും.

• ഹുദൂർ പറഞ്ഞു:നിങ്ങളുടെ സ്ഥിരമായ ഖളാവ്യവസ്ഥിതി ഉണ്ടാകേണ്ടതാണ്.

• നാഷണൽ സെക്രട്ടറി ഇശാഅത്തിനോടു ഹുദൂർ ചോദിച്ചു: ഇതുവരെ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഏതേതെല്ലാം ഗ്രന്ഥങ്ങൾ ഇന്തൊനേഷ്യൻ ഭാഷയിൽ തർജമ ചെയ്തുകഴിഞ്ഞിട്ടുണ്ട്. സെക്രട്ടറി ഇശാഅത്ത് പറഞ്ഞു:ഇതുവരെ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ 9 ഗ്രന്ഥങ്ങളുടെ തർജമ ചെയ്തു കഴിഞ്ഞിട്ടുണ്ട്. രിസാല വസ്വിയ്യത്ത്, കശ്തിയെ നൂഹ്, ഇസ് ലാമി ഉസ്വൂൽകി ഫിലാസഫി, ഏക് ഗലത്തീ കാ ഇസാല, സരൂരത്തുൽ ഇമാം, ഫത്ഹെ ഇസ് ലാം തുടങ്ങിയവ ഇതിൽപ്പെടുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഹഖീഖത്തുൽ വഹിയുടെ തർജമയും ഇന്തൊനേഷ്യൻ ഭാഷയിൽ ചെയ്യുക. കാരണം ഈ ഗ്രന്ഥം സത്യസാക്ഷ്യത്തിന്റെ ഒരുപാട് അടയാളങ്ങൾ അടങ്ങിയതാണ്. ഒരുപാട് തെറ്റുധാരണകൾ അകറ്റുന്നതാണ്. ഈ ഗ്രന്ഥത്തിൽ ധാരാളം പ്രവചനങ്ങളുമുണ്ട്.

• ഹുദൂർ പറഞ്ഞു:എല്ലാ അഹ്മദികളും ഈ ഗ്രന്ഥം വായിച്ചിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامഈ ഗ്രന്ഥത്തെ സംബന്ധിച്ച് പറഞ്ഞു: ഏതൊരു അഹ്മദിയും ഈ ഗ്രന്ഥം വായിച്ചാൽ അയാൾക്ക് എല്ലാ ചോദ്യത്തിനും മറുപടി നല്കാൻ കഴിയുന്നതായിരിക്കും. ഈ ഗ്രന്ഥം ആവർത്തിച്ച് വായിക്കുക.

• ഹുദൂർ ഉപദേശിച്ചു:തർജമ കമ്മിറ്റിയോടു ഈ ഗ്രന്ഥം എത്രയും വേഗം തർജമ ചെയ്യാൻ പറയുക.

അമീർ സാഹിബ് ഇന്തൊനേഷ്യാ പറഞ്ഞു:എസൻസ് ഓഫ് ഇസ്‌ലാമിന്റെ ആദ്യത്തെ രണ്ടു വാള്യമിന്റെ ഇന്തൊനേഷ്യൻ തർജമ ഈ വർഷം പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപ്പോൾ ഹുദൂർ മാർഗോപദേശം നല്കിക്കൊണ്ടു പറഞ്ഞു:ഇംഗ്ലീഷ് നല്ലവണ്ണം അറിയുന്ന യുവാക്കളെക്കൊണ്ട് തർജ ചെയ്യിക്കുക. അവരുടെകൂടെ മുബല്ലിഗിനേയും ചേർക്കുക. ഇവരെല്ലാവരും ചേർന്നുകൊണ്ട് തർജമ ചെയ്യട്ടെ. വൃദ്ധരും മുമ്പേയുള്ളവരുമായ ആളുകളുടെ പരിചയസമ്പത്തുകളിൽനിന്നും തീർച്ചയായും ഫലമെടുക്കേണ്ടതാണ്. പക്ഷേ, അവരെ റിട്ടയേർഡാക്കുകയും അവരുടെ സ്ഥാനത്ത് പുതിയ ആളുകളെ നിയമിക്കുകയും ചെയ്യുക. അമേരിക്കയിലും കാനഡയിലും യുവാക്കളുണ്ട്. അവരുടെ ടീം ഉണ്ടാക്കിയിട്ടുണ്ട്. അവർ തർജമയുടെ ജോലി ചെയ്തു വരുന്നു. ഇപ്പോൾ വളരെ വേഗത്തിൽ പണിയെടുക്കേണ്ട ആവശ്യമുണ്ട്. അതുകൊണ്ട് ജോലി ചെയ്യുന്നതിനു യുവാക്കളെ എടുക്കുക. അവരുടെ ടീമുണ്ടാക്കുക.

അമീർ സാഹിബ് ഇന്തൊനേഷ്യാ പറഞ്ഞു: തദ്ക്കിറയുടെ ഈ വർഷം പ്രസിദ്ധീരിച്ച പതിപ്പിന്റെ തർജമയും പൂർണമായി കഴിഞ്ഞിട്ടുണ്ട്.

• ഹുദൂർ പറഞ്ഞു: ലജ്നയിൽ നിന്നും തിരഞ്ഞെടുത്ത്, അവരേയും തർജമയ്ക്ക് പ്രയോജനപ്പെടുത്തുക. ലജ്ന വളരെ നല്ല തർജമ ചെയ്യുന്നുണ്ട്.

• നാഷണൽ സെക്രട്ടറി തഅ്ലീമിനെ ഉപദേശിച്ചുകൊണ്ടു ഹുദൂർ പറഞ്ഞു:ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഗ്രന്ഥങ്ങളുടെ പരീക്ഷയും നടത്തുക

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഇന്തൊനേഷ്യാസ്വദ്റിനോട് ഹുദൂർ അയ്യദഹുല്ലാഹ് ചോദിച്ചു: അപ്പോൾ സ്വദ്ർ സാഹിബ് പറഞ്ഞു:ഞങ്ങൾ പരിക്ഷയ്ക്കായി ഇസ് ലാമി ഉസ്വൂൽ കി ഫലാസഫി വെച്ചിട്ടുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങൾക്ക് ഒറ്റത്തവണ മുഴുവൻ ഗ്രന്ഥങ്ങളും വെക്കാൻ കഴിയുകയില്ല. ഒരു വർഷത്തിൽ ഈ ഗ്രന്ഥത്തെ മൂന്നായി ഭാഗിച്ച് അതിന്റെ മൂന്നു പരീക്ഷകൾ നടത്തുക. ഇങ്ങനെ പൂർണമാക്കുക. അതിനോടൊപ്പം പൊസിഷൻ കരസ്ഥമാക്കുന്നവർക്ക് സമ്മാനങ്ങളും കൊടുക്കുക.

• ഹുദൂർ അൻവർ അമീർ സാഹിബ് ഇന്തൊനേഷ്യയോടു പറഞ്ഞു:ലണ്ടനിലും ഖാദിയാനിലും ധാരാളം പുതിയഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിങ്ങളുടെ ലൈബ്രറികൾക്കുവേണ്ടി അവി

ശേഷം പേജ് 10 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin